**പതിനാലാം കേരള നിയമസഭ**

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും**

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**

**(2018 മാർച്ച് 31 വരെയുള്ളത്)**

# (PERIODICAL REPORT AS ON 31st MARCH, 2018)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2018 ജൂൺ 18-ാം തീയതി സമർപ്പിച്ചത്**

**(Presented on 18th June 2018)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2018

**പതിനാലാം കേരള നിയമസഭ**

(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**

**(SUBJECT COMMITTEE IX)**

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും**

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**

**(2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1027/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| അവതാരിക | : | vii |
| റിപ്പോർട്ട് | : | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## (2016 -2018)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ഡോ. കെ .ടി. ജലീൽ,

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ .

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ.എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ 1-4-2017 മുതൽ 31-3-2018 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം രൂപികരിക്കപ്പെട്ട പതിനാലാം കേരള നിയമസഭയുടെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX (2016-2018)-ൽ ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അദ്ധ്യക്ഷനും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ എക്സ്-ഒഫീഷ്യോ അംഗവും ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. കെ. ആൻസലൻ, ശ്രീ. പി. വി. അൻവർ, ശ്രീ. കെ. ബാബു, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ഇ. കെ. വിജയൻ എന്നിവർ അംഗങ്ങളുമാണ്.

പതിനാലാം കേരള നിയമസഭയുടെ 2016-18 കാലയളവിലെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റി 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2017-18 കാലയളവിൽ സമിതി ആകെ 12 യോഗങ്ങൾ ചേർന്നു. ഇതിൽ 11-4-2017 -ലെ യോഗം 2017-18 സാമ്പത്തിക വർഷത്തെ XXI-(ഭവന നിർമ്മാണം) XXV (ന്യൂനപക്ഷ ക്ഷേമം) എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കു വേണ്ടിയും 19-4-2017-ലെ യോഗം 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുവേണ്ടിയും 18-5-2017-ലെ യോഗം 2016-17-ലെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2016-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി) ചട്ടങ്ങളുടെ കരട്, 1962-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് (ഭേദഗതി) ചട്ടങ്ങൾ, എസ്. ആർ. ഒ. നമ്പർ.245/16 എന്നിവ പരിഗണിക്കുന്നതിന് വേണ്ടിയും 4-7-2017-ലെ യോഗം ചട്ടം 235(എ) പ്രകാരം 'മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും' എന്ന വിഷയം ചർച്ച ചെയ്യുന്നതിന് വേണ്ടിയും 16-8-2017-ലെ യോഗം 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുന്നതിന് വേണ്ടിയും 22-8-2017-ലെ യോഗം മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിന് വേണ്ടിയും 19-10-2017-ലെ യോഗം 2014-15 -ലെ നാലാമത് റിപ്പോർട്ടിലെയും 2015-16-ലെ 5-ാം മത്

റിപ്പോർട്ടിലെയും 2016-17-ലെ ഒന്നാമത് റിപ്പോർട്ടിലെയും 2017-18-ലെ രണ്ടാമത് റിപ്പോർട്ടിലെയും ശിപാർശകളിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിന് വേണ്ടിയും 11-1-2018-ലെ യോഗം ചട്ടം 235 (എ) പ്രകാരം 'കുടുംബശ്രീയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ' എന്ന വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടിയും 14-2-2018, 15-2-2018 എന്നീ തീയതികളിലെ യോഗങ്ങൾ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 20-2-2018-ലെ യോഗം 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിന് വേണ്ടിയും 8-3-2018-ലെ സംയുക്ത യോഗം 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനും വേണ്ടിയുമാണ് ചേർന്നത്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 55 ശതമാനം ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെയും ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികൾ, ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലെ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങൾ ചേർത്തിരിക്കുന്നു. മൂന്നാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലുകൾ, അംഗീകരിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ.കൾ എന്നിവയുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2018 ജൂൺ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ജൂൺ 7.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

# റിപ്പോർട്ട്

## ഭാഗം I

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 19-4-2017-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXI | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ | XXII | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ | XXV | ന്യൂനപക്ഷക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ | XXXV | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ | XXXVI | ഗ്രാമവികസനം |
| ധനാഭ്യർത്ഥന നമ്പർ | XLVI | സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും |

2017 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 4-7-2017-ൽ സമിതി അംഗീകരിക്കുകയും 16-8-2017 ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 18-5-2017-ലെ യോഗം പരിഗണിക്കുകയും 23-5-2017 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ പരിഗണനയ്ക്ക് വന്ന 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും 17-8-2017-ന് സഭയിൽ സമർപ്പിച്ചു. സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 24-8-2017-ൽ സഭയിൽ സമർപ്പിച്ചു. ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, വിദ്യുത്ച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും, ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ സംയുക്ത യോഗം 8-3-2018-ന് ചേരുകയും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പരിഗണിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന 14-2-2018, 15-2-2018 എന്നീ തീയതികളിൽ നടത്തുകയും ആയത് സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 20-2-2018-ൽ സമിതി പരിഗണിച്ച് അംഗീകരിക്കുകയും 26-2-2018 -ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഭാഗം-II

## ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ചട്ടം 236 (5) പ്രകാരമുള്ള കാലതാമസ പത്രിക സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

### (എ) 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

2216-80-003-99 —കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 560 ലക്ഷം രൂപ പുനഃസ്ഥാപിച്ച് വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സർക്കാർ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) മുഖേന കട്ടപ്പനയിലെ കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാധ്യതാ പഠനം നടത്തി സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് വിശദമായി വിശകലനം ചെയ്തതിൽ നിന്നും കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി Financially viable ആകാൻ സാധ്യതയില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടും ബോർഡിന്റെ നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും കട്ടപ്പനയിൽ കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് 19-8-2015-ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളതിനാൽ തുക വകയിരുത്തേണ്ട സാഹചര്യം നിലവിലില്ല

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി ജീവനക്കാർക്ക് നിലവിൽ നിർമ്മിതി കേന്ദ്രം നൽകുന്ന തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. സർക്കാരിൽനിന്നും യാതൊരു വേതനവും ലഭിക്കുന്നില്ലെന്നും സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ലഭിക്കുന്ന സർവ്വീസ് ചാർജ് തുകയിൽ നിന്നുമാണ് വേതനം നൽകുന്നതെന്നും അവർക്ക് പിരിഞ്ഞുപോകുമ്പോൾ മറ്റ്

ആനുകൂല്യങ്ങൾ ഒന്നുംതന്നെ ലഭ്യമാകുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി എൽ.ഐ.സി.-യുമായി ചേർന്ന് പെൻഷൻ സ്കീം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം പുതിയ ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിർമ്മിതി കേന്ദ്രത്തിന് അധിക വിഹിതം വകയിരുത്തുവാൻ കഴിയില്ല.

2216-80-103-99-(38)—<u>ട്രെയിനിംഗ് പദ്ധതി</u>

കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 ലക്ഷം രൂപ അധികമായി ഇതിലേക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

ട്രെയിനിംഗ് പ്ലാൻ സംബന്ധിച്ച് ഈ സാമ്പത്തിക വർഷത്തെ ചെലവ് പദ്ധതി വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

## (ബി) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5- ാം മത് റിപ്പോർട്ട്

2216-80-103-99—<u>സംസ്ഥാന ഭവന നിർമ്മാണ ബോർഡ്</u>

**(1) സഹായധനം**

ദുർബലവിഭാഗ പാർപ്പിടപദ്ധതി നടപ്പിലാക്കിയതുവഴിയുള്ള കമ്മിനികത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1,25,09,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16 -ലെ അവസാനഘട്ട SDG യിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശിപാർശ

2216-80-103-99-(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവനനിർമ്മാണ പദ്ധതിക്കായി സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതനുസരിച്ചും ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ഇനത്തിൽ 32,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

ശിപാർശ

6216-80-201-95—സാന്ത്വനം വാടകവീട് പദ്ധതി

44 യൂണിറ്റുകളുടെ പൂർത്തീകരണ പ്രവർത്തനങ്ങൾക്കായി 1,50,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

ശിപാർശ

6216-80-201-96—ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണം

പദ്ധതിക്ക് ചെലവായ 1992 ലക്ഷം രൂപയിൽ സർക്കാരിൽനിന്നും 1,84,70,000 രൂപ ലഭിക്കാൻ ബാക്കിയുണ്ട്. ആയതിനാൽ ഇതിലേക്ക് 1,85,00,000 രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>6216-80-201-98-സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ (75% കേന്ദ്ര വിഹിതം)</u>

സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന്റെ ആകെ ചെലവായ 12 കോടി രൂപയിൽ സംസ്ഥാന സർക്കാരിന്റെ 25% വിഹിതമായ 3 കോടി രൂപയും വകയിരുത്തിയിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിന്റെ 75% വിഹിതമായ 9 കോടി രൂപയിൽ ശേഷിക്കുന്ന 3,00,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>ഒ.റ്റി.എസ്.ആനുകൂല്യം (നോൺ പ്ലാൻ)</u>

ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഒ.റ്റി.എസ്.ആനുകൂല്യം നൽകിയ ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ടതായ 168,76,63,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>കൽപ്പറ്റ ഭവന പദ്ധതി (നോൺ പ്ലാൻ)</u>"

കൽപ്പറ്റ ഭവന പദ്ധതി പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽനിന്നും ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 1,90,53,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത് (നോൺ പ്ലാൻ)</u>

വിവിധ ലോണുകൾ എഴുതിത്തള്ളിയ വകയിൽ സർക്കാരിൽനിന്നും ലഭിക്കാനുള്ള 7,12,40,000 രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG -ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>മട്ടന്നൂർ റവന്യൂ ടവർ പദ്ധതി</u>

മട്ടന്നൂർ റവന്യൂ ടവർ പദ്ധതിയുടെ നടത്തിപ്പിലേക്കായി 10,00,00,000 രൂപ റവന്യൂ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകൾ SDG യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-ൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ പദ്ധതി</u>

മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പ എഴുതിത്തള്ളിയതുവഴി സംഘത്തിനുണ്ടായ ബാദ്ധ്യത ലഘൂകരിക്കുന്നതിന് 7,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതിനാൽ പ്രസ്തുത ശിപാർശ യിന്മേൽ ധനകാര്യ വകുപ്പ് അധിക തുക അനുവദിച്ചില്ല.

**(സി) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

04-4-അവധിയാത്രാനുകൂല്യം

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി 04-4 അവധിയാത്രാനുകൂല്യം എന്നയിനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

അവധിയാത്രാനുകൂല്യത്തിന് അപേക്ഷകൾ ഒന്നും ലഭിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല

ശിപാർശ

2217-05-001-99 :

21.1-മോട്ടോർ വാഹനങ്ങൾ

21.2-സംരക്ഷണവും അറ്റകുറ്റപ്പണികളും

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-1 മോട്ടോർ വാഹനങ്ങൾ, 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

ഓഫീസ് വാഹനങ്ങളുടെ പണികൾക്കായി സമിതി ഒരു ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതം 30,000 രൂപ കൂടാതെ 25,000 രൂപയുടെ

ആവശ്യം മാത്രമേ വന്നുള്ളു എന്നതിനാൽ ടി തുകയ്ക്ക് അപേക്ഷിക്കുകയും 25,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2217-05-001-99-45—<u>പി.ഒ.എൽ</u> :

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 45-പി.ഒ.എൽ. എന്ന ഇനത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

ഓഫീസ് വാഹനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 25,000 രൂപയേ കൂടുതൽ ആവശ്യമായി വന്നുള്ളു. ആയതിനാൽ ഒരു ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നുവെങ്കിലും 25,000 രൂപയ്ക്ക് അപേക്ഷ സമർപ്പിക്കുകയും 25,000 രൂപ അധികമായി അനുവദിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ</u>

1-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷം വിവിധ ജില്ലാ ഓഫീസുകളിലായി കുടിശ്ശികയായ മെഡിക്കൽ ക്ലെയിമുകൾ ഉൾപ്പെടെ നൽകുന്നതിനുമായി ഈ ഇനത്തിൽ 10,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

വിവിധ ജില്ലാ ഓഫീസുകളിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 4,91,000 രൂപയുടെ ആവശ്യകതയേ വന്നുള്ളു എന്നതിനാൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക അനുവദിച്ചു നൽകിയിട്ടുള്ളതാണ്. കൂടുതൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക ആവശ്യപ്പെട്ട് ശിപാർശ നൽകിയിട്ടില്ല.

ശിപാർശ

04-4—അവധി യാത്രാനുകൂല്യം

അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,00,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ജില്ലാ ഓഫീസുകളിൽനിന്നും എൽ.റ്റി.സി-യ്ക്കായി അപേക്ഷിച്ചവർക്ക് അനുവദിച്ച തുക ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുള്ളിൽ നിന്നതിനാൽ സമിതി ശിപാർശ ചെയ്ത തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

21-2—മോട്ടോർ വാഹനങ്ങൾ-അറ്റകുറ്റപ്പണികൾ

അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

4 ജില്ലാ ഓഫീസുകളിലെ വാഹനങ്ങൾ കണ്ടം ചെയ്തതിനാലും പകരം പുതിയ വാഹനങ്ങൾ ലഭിക്കാത്തതിനാലും ബഡ്ജറ്റ് വിഹിതത്തിൽ മാത്രം ചെലവ് നിന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

45—പി.ഒ.എൽ.

അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

വാഹനം കണ്ടം ചെയ്ത 4 ജില്ലാ ഓഫീസുകൾക്ക് പുതിയ വാഹനം ലഭിക്കാത്തതിനാൽ ഇന്ധനത്തിന് അധിക ചെലവ് വേണ്ടി വന്നില്ല. ബഡ്ജറ്റ് തുകയ്ക്കുള്ളിൽ ചെലവ് ക്രമീകരിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

21.1—പുതിയ വാഹനം വാങ്ങൽ

ജില്ലാ ഓഫീസുകളിൽ പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വകുപ്പിലെ 4 ജില്ലാ ഓഫീസുകളിലെ പഴയ വാഹനങ്ങൾ കണ്ടം ചെയ്യുതിന് പകരമായി പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രത്യേക ഉത്തരവായിട്ടില്ലാത്തതിനാൽ, ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

06—വാടക, കരം, നികുതി

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 5 ജില്ലാ ഓഫീസുകളുടെ വാടകയിനത്തിലും മറ്റ് ഓഫീസുകൾക്കുള്ള കെട്ടിട നികുതിയിനത്തിലുമായി 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

സമിതി 50 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതത്തിനു പുറമെ 38,06,000 രൂപയുടെ ആവശ്യകതയെ വന്നുള്ളൂ എന്നതിനാൽ ടി തുകയ്ക്കുള്ള അപേക്ഷ സമർപ്പിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2217-80-001-92—നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും

നഗരകാര്യവകുപ്പിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ. എം. ജി, തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് 30 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേന അധിക ഫണ്ട് സമാഹരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക വകയിരുത്തിയിരുന്നില്ല.

ശിപാർശ

2217-80-800-69 —രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ

അന്യനാടുകളിൽനിന്നും തൊഴിലിനായും മറ്റ് ആവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞവരുമാനക്കാർക്ക് രാത്രികാല അഭയ കേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

നഗരസഭകൾ മുഖേന രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ച 2 പ്രൊപ്പോസലുകളിൽ, പത്തനംതിട്ട നഗരസഭയുടെ പ്രൊപ്പോസലിന് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. തൃശ്ശൂർ കോർപ്പറേഷന്റെ പ്രൊപ്പോസൽ ദേശീയ നഗര ഉപജീവന മിഷൻ മുഖേന നടപ്പിലാക്കുന്നതിന് കൈമാറിയിട്ടുണ്ട്. കൂടുതൽ പ്രൊപ്പോസലുകൾ നഗരസഭകളിൽ നിന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ അധിക തുകയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശിപാർശ

2217-80-001-91—മുൻസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന

റിട്ടയർ ചെയ്യുന്ന മുൻസിപ്പൽ ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഓരോ വർഷവും 60 കോടി രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ ഈ ഇനത്തിലുള്ള സമാഹരണം 20 കോടി മാത്രമാണ്. നഗരസഭയുടെ തനതു വരുമാനത്തിൽനിന്നും കണ്ടെത്തിയിട്ടുള്ള വിഹിതത്തിൽ 181 കോടി രൂപ ബാദ്ധ്യതയുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേന പെൻഷൻ ഫണ്ടിലേക്ക് അധിക തുക ഫണ്ട് സമാഹരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഇതിനായി അധിക തുക വകയിരുത്തിയിരുന്നില്ല.

ശിപാർശ

2515-00-001-97 —ജില്ലാ ഭരണം

04—യാത്രാബത്ത

2015-16-ൽ അനുവദിച്ച തുക തന്നെ അപര്യാപ്തമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. യാത്രാബത്തയിനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പു വർഷത്തെ ചെലവുകൾക്കുമായി ഈ ഇനത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

'2515-00-001-97—ജില്ലാ ഭരണം' ശീർഷകത്തിലെ വിവിധ ഉപശീർഷകങ്ങളിലായി റീ അപ്രോപ്രിയേഷൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 04-1-യാത്രാബത്ത എന്ന ശീർഷകത്തിൽ 8,30,000 രൂപ അനുവദിച്ച് 27-3-2017-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2533/17/ഫിൻ. പ്രകാരം ഉത്തരവായിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ശിപാർശയുടെ അടിസ്ഥാനത്തിൽ അനുവദിച്ച തുക പര്യാപ്തവുമായിരുന്നു.

ശിപാർശ

2515-00-101-64—തദ്ദേശ ഗവൺമെന്റുകൾക്ക് വേണ്ടിയുള്ള ഓംബുഡ്സ് മാൻ

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2515-00-101-64-21-എം.വി.-2-ആർ&എം., 2515-00-101-64-45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അധികമായി തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആവശ്യമായ തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്താൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

ശിപാർശ

45—പി.ഒ.എൽ.

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 1,34,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2515-00-101-64-21-എം.വി.-2-ആർ&എം., 2515-00-101-64-45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അധികമായി തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആവശ്യമായ തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

ശിപാർശ

2515-00-800-86-99—ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 5,50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2515-00-800-86-99—ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം എന്ന ശീർഷകത്തിൽ 2016-17 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുക പൂർണ്ണമായും ഇൻഫർമേഷൻ കേരള മിഷന് കൈമാറിയിട്ടുണ്ടായിരുന്നു. ടി തുക ഐ.കെ.എം. പൂർണ്ണമായും ചെലവഴിക്കുകയും അധിക തുകയ്ക്കായി പ്രൊപ്പോസലുകൾ നൽകിയിരുന്നുമില്ല. ആയതിനാൽ അനുവദിച്ച തുക ടി വർഷം പൂർണ്ണമായും പര്യാപ്തമായിരുന്നു.

ശിപാർശ

2515-00-003-98—വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനം

'കില' വഴി നടപ്പിലാക്കിവരുന്ന പ്രവൃത്തിപരിചയ നൈപുണ്യ പരിശീലനത്തോടൊപ്പം ജീവനക്കാരുടെ തൊഴിൽസംസ്കാരം പുനർനിർവ്വചിയ്ക്കപ്പെടുന്നവിധം ഉദ്യോഗസ്ഥൻമാരുടെ സമഗ്രപരിശീലന പരിപാടികൾക്കായി ഒരു പരിപാടി പഞ്ചായത്ത് വകുപ്പ് തയ്യാറാക്കേണ്ടതാണ്. അതിൻപ്രകാരമുള്ള ചെലവുകൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

പഞ്ചായത്ത് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും വിവിധ ഘട്ടങ്ങളിൽ പരിശീലനം നൽകുന്നതിന് കില വിവിധ പരിശീലന പരിപാടികൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കില മുഖേന വകുപ്പിലെ ഭൂരിഭാഗം ജീവനക്കാർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വർഷം കില മുഖേന നടപ്പിലാക്കിയ ടി പരിശീലനങ്ങൾ സമിതി ശിപാർശ ചെയ്തതിൻ പ്രകാരം സമഗ്രവും, ജീവനക്കാരുടെ തൊഴിൽ സംസ്കാരം പുനർനിർവ്വചിക്കപ്പെടുന്ന വിധവുമായിരുന്നതിനാൽ ആദ്യം അനുവദിച്ച തുക തന്നെ പര്യാപ്തമായിരുന്നു.

<u>ശിപാർശ</u>

2515-00-101-62—<u>തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ</u>

തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുന്ന പരിപാടിയ്ക്ക് പ്രോത്സാഹനമായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ISO അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളൊന്നും തന്നെ 2016-17 വർഷത്തിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുക തന്നെ പര്യാപ്തമായിരുന്നു.

**(ഡി) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 27,45,46,47,48,49 എന്നിവയിന്മേൽ ഗവൺമെന്റിൽനിന്നും ലഭിച്ച തുടർ നടപടി റിപ്പോർട്ടുകൾ 19-10-2017-ലെ യോഗം പരിഗണിച്ചു. ആയത് 2018-19-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**

## (ഇ) ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച ഡിലേ സ്റ്റേറ്റുമെന്റുകൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം & റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | 2014-15<br>4-ാം മത് റിപ്പോർട്ട് | 23, 24, 25 | 6-2-2018 |
| 2 | 2015-16<br>5-ാം മത് റിപ്പോർട്ട് | 2, 11, 12, 13, 15, 16, 17, 18 | 23-8-2017 |
| 3 | 2016-17<br>1-ാം മത് റിപ്പോർട്ട് | 16, 17, 18, 19, 20, 21, 22, 23, 24 | 6-2-2018 |
| 4 | 2016-17<br>1-ാം മത് റിപ്പോർട്ട് | 50, 51, 52, 53, 54, 57, 58, 59 | 6-2-2018 |

## (എഫ്) ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1. | XXI | 2015-2016 | 1891/ബി3/16/പ്ലാനിംഗ്<br>11-5-2017 | 22-8-2017 |
| 2. | XXI | 2016-2017 | 1505746/ബി3/17/പ്ലാനിംഗ്<br>24-11-2017 | 6-2-2018 |
| 3. | XXV | 2016-2017 | 33/എം.ഡബ്ല്യു1/2017/<br>പൊ.ഭ.വ 14-7-2017 | 6-2-2018 |

## ഭാഗം - III

### I. ബില്ലുകളുടെ പരിശോധന

സമിതിയുടെ 16-8-2017-ലെ യോഗം, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

### II. ചട്ടങ്ങളുടെ പരിഗണന

1. 2016-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി) ചട്ടങ്ങൾ 18- 5-2017- ലെ യോഗം ഭേദഗതിയോടെ അംഗീകരിച്ചു.
2. 2017-ലെ കേരള തെരുവോര കച്ചവടക്കാർ (Protection of Livelihood and Regulation of Street Vending) ചട്ടങ്ങൾ 14-2-2018-ലെ യോഗം ഭേദഗതിയോടെ അംഗീകരിച്ചു.

3. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനു മുമ്പ് പുറപ്പെടുവിച്ച 1962-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ്(ഭേദഗതി) ചട്ടങ്ങൾക്ക്, (SRO No.245/16) 18-5-2017-ലെ യോഗം ഭേദഗതി യോടെ സാധൂകരണം നൽകി.

തിരുവനന്തപുരം,
2018 ജൂൺ 7.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

## 11-4-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റി, 2017 ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'Vഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അനിൽ അക്കര, എം.എൽ.എ.
2. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.
3. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. പി. എം. അലി അസ്ഗർ പാഷ, ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ.
5. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
6. ശ്രീ. വി. ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പ്
7. ശ്രീ. വി. എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
8. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. രാജീവ് കാരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
10. ശ്രീ. അലക്സ് റ്റി. ജോസഫ്, ചീഫ് പ്ലാനർ (ഭവനനിർമ്മാണം)
11. ശ്രീ. വി. ശശീന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ശ്രീ. കെ. ആർ. ഗോപകുമാർ, ഫിനാൻസ് മാനേജർ, കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
13. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്
14. ശ്രീ. വി. സുബാഷ്, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXI (ഭവന നിർമ്മാണം), XXV (പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം), XXXVI (ഗ്രാമവികസനം) എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതി താഴെപ്പറയും പ്രകാരം ശിപാർശകൾ നൽകുവാൻ തീരുമാനിച്ചു :

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

2216-80-103-99—<u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>

(01)—സഹായധനം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജററ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.0936 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(02)— വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99 (35)—<u>എം.എൻ. ലക്ഷം വീട് ലോട്ടറിയിൽ നിന്നുള്ള വരുമാനം</u>

എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് നടത്തിയ ബമ്പർ ലോട്ടറിയിൽനിന്ന് നെറ്റ് പ്രോഫിറ്റ് ആയി ലഭിച്ച 616.06 ലക്ഷം രൂപ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് അനുവദിച്ചു കൊണ്ടു സർക്കാർ ഉത്തരവ് ഇറക്കുകയും കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 42-ഓളം കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും ചെയ്തുവെങ്കിലും പ്രസ്തുത തുക നാളിതുവരെ ഹൗസിംഗ് ബോർഡിന് കൈമാറിക്കിട്ടിയില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ മേൽ പരാമർശിച്ച ബമ്പർ ലോട്ടറിയിൽ നിന്നുള്ള നെറ്റ് പ്രോഫിറ്റായ 616.06 ലക്ഷം രൂപ അടിയന്തരമായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99 (37)—<u>ഗൃഹശ്രീ - സബ്സിഡി</u>

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 18 കോടി 24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99 (38)—<u>ട്രെയിനിംഗ് പ്ലാൻ</u>

ഓഫീസ് ആധുനീകരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-98—<u>മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി</u>

പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-001-99-01—<u>ശമ്പളം</u>

ഒഴിഞ്ഞുകിടന്ന തസ്തികകൾ നികത്തിയതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ശമ്പള ഇനത്തിൽ 10,00,000 രൂപയും, ക്ഷാമബത്തയിനത്തിൽ 4,00,000 രൂപയും വീട്ടുവാടക അലവൻസ് ഇനത്തിൽ 1,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-001-99-21—<u>മോട്ടോർ വാഹനങ്ങൾ</u>

നിലവിലെ വാഹനം വളരെ പഴക്കം ചെന്നതായതിനാലും പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—<u>സംരക്ഷണവും അറ്റകുറ്റ പണികളും</u>

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2216-05-053-98-17—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2216-05-053-97(01)—<u>സംരക്ഷണവും അറ്റകുറ്റപണികളും</u>

പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 5 കോടി 99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി യേതരത്തിൽ അനുവദിച്ച ഇക അപര്യാപ്തമായതിനാൽ 01-അറ്റകുറ്റപ്പണികൾ,02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2216-05-052-96—യന്ത്രോപകരണങ്ങളും പണിയായുധങ്ങളും ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 10.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2216-05-001-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 1 കോടി 51 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-190-99—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ

കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബഡ്ജറ്റിൽ ഇക വകയിരുത്തിയിട്ടില്ലാത്തതിനാൽ പലിശ സബ്സിഡി നൽകുന്നതിനായി 52.65 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-190-99—ഭവനനിർമ്മാണം

ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ആഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സഹകരണ വകുപ്പ്**

**പലിശരഹിത വായ്പ**

**ശീർഷകം - ഇല്ല**

പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും മറ്റുമായി 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുള്ള വിഷയത്തിൽ, ഇക്കാര്യം പരിശോധിച്ച് വിശദമായി റിപ്പോർട്ട് ലഭിച്ചതിന് ശേഷം തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി തിരുവനന്തപുരം, പാലക്കാട് സെന്ററുകൾക്കായി ഓരോ ടിപ്പറും തിരുവനന്തപുരം സെന്ററിന് ഒരു ജെ.സി.ബി.യും വാങ്ങുന്നതിലേക്കായി പദ്ധതിയിനത്തിൽ 59 ലക്ഷം രൂപ അധികമായും നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെയും റീജിയണൽ സെന്ററുകളുടെയും നവീകരണത്തിനായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-97 —ടി ആന്റ് പി ഷെയർ ഡെബിറ്റ്

ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 83.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4216-80-195-99(05) —സഹകരണ വകുപ്പ്

അംഗ സംഘങ്ങൾക്ക് സർക്കാർ ഓഹരി വിഹിതം നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4216-80-201-98—വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (60% കേന്ദ്ര വിഹിതം)- 15,00,00,000 (കേന്ദ്രവിഹിതം 9 കോടി, സംസ്ഥാന വിഹിതം 6 കോടി)

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി 2 കോടി 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-98-02—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (വൻകിടമരാമത്ത് പണികൾ)

നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-98(3)—<u>സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്ത് പണികൾ</u>

സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(04) —<u>സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി-വൻകിട മരാമത്തു പണികൾ</u>

ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേക്കായി നടപ്പു വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 13.519 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-98 (08)—<u>അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം - വൻകിട മരാമത്ത് പണികൾ</u>

പദ്ധതി നടത്തിപ്പിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 24 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-99—<u>ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ</u>

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 11.9038 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-201-96-(01)—<u>ഹരിപ്പാട് റവന്യൂ ടവർ</u>

പദ്ധതി ചെലവായ 19.92 കോടി രൂപയിൽ, സർക്കാർ വിഹിതമായ 2.848 കോടി രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-001-99-01-3 —വീട്ടുവാടക അലവൻസ്

വീട്ടുവാടകയിനത്തിൽ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ വകയിരുത്താണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-001-99-06—വാടക, കരം, നികുതി

മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-04-102-92-34—മറ്റ് ചെലവുകൾ

വിവിധ പദ്ധതികളുടെ നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-91-31—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം

ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ/ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 48.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ ഇടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക ഇടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 36.13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ—XXXVI—ഗ്രാമവികസനം

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ (കേന്ദ്ര വിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി) സമിതി തീരുമാനിച്ചു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% കേന്ദ്രാവിഷ്കൃത പദ്ധതി)

വർദ്ധിച്ച മെറ്റീരിയൽ പ്രവർത്തികൾക്ക് ആനുപാതികമായും വരൾച്ച ദുരിതാശ്വാസത്തിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2505-02-101-92—എം. ജി. എൻ. ആർ. ഇ. ജി. പി. ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2505-02-101-91—എം. ജി. എൻ. ആർ. ഇ. ജി. പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-47-34—വികസന പരിശീലന കേന്ദ്രങ്ങളുടെ (ഇ.ടി.സി.) ശാക്തീകരണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻ-സർവ്വീസ് പരിശീലനം പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2515-00-102-35—<u>നാഷണൽ റർബൻ മിഷൻ</u>

ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക ഉന്നമനത്തിനും, നൈപുണ്യ വികസനത്തിനും സംരഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പദ്ധതിക്ക് കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 53 കോടി 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതു ശിപാർശകൾ

1. കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "6216-80-190-99" എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നതും ഫണ്ട് റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത സമിതി, കമ്പനിയായി രജിസ്റ്റർ ചെയ്ത കോർപ്പറേഷനുകൾക്ക് ഗ്രാൻഡ്-ഇൻ-എയ്ഡ് ആയി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ധനകാര്യവകുപ്പ് സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2. ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വായ്പാ പ്രമാണങ്ങൾ തിരിച്ചു നൽകുന്നതിനും 100 കോടി രൂപ വായ്പ അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3. അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണം പോലെയുള്ള പദ്ധതികളിൽ പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ അവലംബിക്കുന്നതിന്റെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 19-4-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 ഏപ്രിൽ 19-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പു മന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.

2. ശ്രീ. കെ. ശബരീനാഥൻ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു , കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും കരട് റിപ്പോർട്ടിലെ ഖണ്ഡിക 3-ലെ ശിപാർശ "എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് നടത്തിയ ബമ്പർ ലോട്ടറിയിൽ നിന്ന് നെറ്റ് പ്രോഫിറ്റായി ലഭിച്ച 616.06 ലക്ഷം രൂപ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയും കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 42-ഓളം കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും ചെയ്തുവെങ്കിലും പ്രസ്തുത തുക നാളിതുവരെ ഹൗസിംഗ് ബോർഡിന് കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ മേൽപരാമർശിച്ച ബമ്പർ ലോട്ടറിയിൽ നിന്നുള്ള നെറ്റ് പ്രോഫിറ്റായ 616.06 ലക്ഷം രൂപ അടിയന്തരമായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു." എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു. കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "6216-80-190-99" എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നതും ഫണ്ട് റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമിതി ചർച്ച ചെയ്യുകയും പൊതുശിപാർശ I "കമ്പനിയായി രജിസ്റ്റർ ചെയ്ത കോർപ്പറേഷനുകൾക്ക് ഗ്രാൻഡ്-ഇൻ-എയ്ഡ് ആയി ബജറ്റ് വിഹിതം അനുവദിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു" എന്നുള്ള ഭേദഗതിയോടെയും സമിതി അംഗീകരിച്ചു. കരട് റിപ്പോർട്ടിലെ മറ്റുള്ള ശിപാർശകളും പൊതുശിപാർശ II, III എന്നിവയും ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 18-5-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 മേയ് മാസം 18-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. കെ. ബാബു
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശ സ്വയംഭരണം & ന്യൂനപക്ഷ ക്ഷേമം വകുപ്പ്
3. ശ്രീ. വി. കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

6. ശ്രീമതി അനിതാ ദാമോദരൻ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ)

7. ശ്രീ. രാജീവ് കാരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

8. ശ്രീ. വി. എസ്. സന്തോഷ് കുമാർ, ഗ്രാമവികസന കമ്മീഷണർ (ഇൻ-ചാർജ്ജ്)

9. ശ്രീ. എൻ. പി. ചിത്തർ, ഡയറക്ടർ, (ഡി.ഡബ്ല്യൂ) ശുചിത്വ മിഷൻ

10 ശ്രീ. സി. വി. ജോയ്, ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വ മിഷൻ

11 ശ്രീ. ജിജി ജോർജ്ജ്, സീനിയർ ടൗൺ പ്ലാനർ

12. ശ്രീമതി കെ. എസ്. ഉഷ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 41 മുതൽ 49 വരെയുള്ള ശിപാർശകൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും, ഖണ്ഡിക 28 മുതൽ 35 വരെയുള്ള ശിപാർശകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഖണ്ഡിക 55, 56, 60 എന്നിവയിലെ ശിപാർശകൾക്ക് ഭവന നിർമ്മാണ വകുപ്പിൽ നിന്നും ഖണ്ഡിക 59-ലെ ശിപാർശയ്ക്ക് ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗവ. സമർപ്പിച്ച റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു താഴെപ്പറയുന്ന കരട് ചട്ടം, എസ്.ആർ.ഒ. വിജ്ഞാപനം എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

1. <u>2016-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി) ചട്ടങ്ങളുടെ കരട് :-</u>

കരട് ചട്ടം 1(1)-ലെ വർഷം "2016" എന്നത് "2017" എന്നാക്കി മാറ്റണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

2. <u>1962-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ നമ്പർ 245/2016)</u>

പ്രസ്തുത എസ്.ആർ.ഒ-ലെ ചട്ടം 2 (1) (i)-ലെ PART VA -ലെ 40 A-ൽ " For the purposes of e-ticketing under clause (aa) of sub-section (1) of Section 5 of the Act"

എന്നീ വാക്കുകൾ നിയമ വകുപ്പ് റാറ്റിഫൈ ചെയ്യുന്ന സമയത്ത് ഇല്ലായിരുന്നു എന്നും അങ്ങനെയാകുമ്പോൾ പ്രസ്തുത ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വാക്യത്തിന് മതിയായ തുടർച്ച ലഭിക്കുന്നില്ല എന്നും ആയതിനാൽ അവിടെ for the purpose of എന്നീ വാക്കുകൾക്കുശേഷം " implementing" എന്ന വാക്ക് കൂടി ചേർക്കുന്ന കാര്യം ഭരണ വകുപ്പ് ഒരിക്കൽ കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നുമുള്ള നിയമ വകുപ്പിന്റെ അഭിപ്രായം സമിതി അംഗീകരിച്ചു.

പ്രസ്തുത എസ്.ആർ.ഒ. യുടെ FORM No.VII A-ൽ പറഞ്ഞിരിക്കുന്ന Kerala Local Authorities Entertainment Tax (Amendment) Rules" എന്ന തലക്കെട്ടിലെ "(Amendment)" എന്ന വാക്ക് ഒഴിവാക്കേണ്ടതാണെന്നും മൂന്നാമത്തെ ഇനത്തിലെ 'under' എന്ന വാക്കിനുപകരം 'number' എന്ന വാക്ക് ചേർക്കണമെന്നും അഞ്ചാമത്തെ ഇനത്തിലെ അവസാന വരിയിൽ 'be noted returns' എന്നത് 'be noted in the returns' എന്നാക്കി മാറ്റണമെന്നുമുള്ള ഭേദഗതികളോടെ എസ്.ആർ.ഒ. യ്ക്ക് സാധൂകരണം നല്കാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## 4-7-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 ജൂലൈ 4-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ. കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
3. ശ്രീ. ബി. എസ്. തിരുമേനി, കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറേറ്റ്
4. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, അർബൻ അഫയേഴ്സ്
5. ശ്രീ. എൽ. പി. ചിത്തർ, ഡയറക്ടർ, ശുചിത്വ മിഷൻ
6. ശ്രീ. എം. പി. അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്
7. ശ്രീ. കബീർ ബി. ഹാറൂൺ, മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
8. ഡോ. സി. ഉമ്മുസെലിൻ, ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്
9. ഡോ. പി. കെ. സനിൽകുമാർ, ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ്
10. ശ്രീമതി എൽ. എസ്. ദീപ, സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
11. ശ്രീ. വി. ആർ. രാജു, സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
12. ശ്രീ. വിനു സി. കുഞ്ഞപ്പൻ, മുനിസിപ്പൽ സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി
13. ശ്രീമതി എ. എസ്. അനൂജ, സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
14. ശ്രീ. എം. നിസാറുദ്ദീൻ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
15. ശ്രീ. പി. രാധാകൃഷ്ണൻ, സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
16. ശ്രീ. കെ. പി. വിനയൻ, അഡീഷണൽ സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
17. ശ്രീ. എ. എസ്. ശുഭഗൻ, സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി
18. ശ്രീ. കെ. കെ. മനോജ്, സെക്രട്ടറി, പൊന്നാനി മുനിസിപ്പാലിറ്റി

19. ശ്രീ. യു. എസ്. സതീശൻ, സെക്രട്ടറി, ഗുരുവായൂർ മുനിസിപ്പാലിറ്റി

20. ഡോ. എ. ശശികുമാർ, ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

21. ഡോ. ആർ. എസ്. ഗോപകുമാർ, ഹെൽത്ത് ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ.

I. സമിതി, സംസ്ഥാനം അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നിവയിലെ ഉദ്യോഗസ്ഥരുമായും, തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷൻ സെക്രട്ടറിമാർ ആലപ്പുഴ, ഗുരുവായൂർ, പൊന്നാനി, തലശ്ശേരി, പാലക്കാട് എന്നീ മുനിസിപ്പാലിറ്റി സെക്രട്ടറിമാർ എന്നിവരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ ആരായുന്നതിനുമാണ് ഇങ്ങനെയൊരു യോഗം ചേരാൻ തീരുമാനിച്ചതെന്നും സംസ്ഥാനത്തെ ഏറ്റവും വലിയ സാമൂഹ്യ വിപത്തായി മാറിയ മാലിന്യ സംസ്കരണത്തിന്റെ ബാധ്യത തദ്ദേശ സ്ഥാപനങ്ങളിൽ അർപ്പിതമായതിനാൽ ആയതിന് പരിഹാരം കണ്ടെത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളൂവെന്നും ചെയർമാൻ ആമുഖമായി യോഗത്തെ അറിയിച്ചു.

കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും ജനകീയ പ്രക്ഷോഭം ഉണ്ടാകുമെന്നതിനാൽ മാലിന്യ പ്ലാന്റുകളും ഷ്രെഡ്ഡിംഗ് യൂണിറ്റുകളും സ്ഥാപിക്കാൻ കഴിയുന്നില്ലെന്നും സമിതി വിലയിരുത്തി. പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾക്ക് ഓരോ വ്യക്തിയും ഉത്തരവാദികളാണെന്നും ആയതിനെതിരെയുള്ള നിയമ നിർമ്മാണത്തോടൊപ്പം ശക്തമായ ബോധവൽക്കരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ആവശ്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മത്സ്യ-മാംസ-പച്ചക്കറി-പഴവർഗ്ഗ വിപണന സ്ഥാപനങ്ങൾ എന്നിവ പ്രതിദിനം ഉണ്ടാക്കുന്ന മാലിന്യങ്ങൾ ബാഹ്യ ഏജൻസികൾക്ക് പണംകൊടുത്ത് നീക്കം ചെയ്യുന്നുവെന്ന് പറയുമ്പോഴും ആയത് എവിടേക്ക് കൊണ്ടുപോകുന്നുവെന്നോ എന്ത് ചെയ്യുന്നുവെന്നോ ഉള്ള യാതൊരു അന്വേഷണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്താറില്ലെന്ന് സമിതി വിലയിരുത്തി. ഇത്തരം

മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും മറ്റും ജലാശയങ്ങളിലും പൊതു ഇടങ്ങളിലും നിക്ഷേപിക്കുന്നതിനെതിരെ ശക്തമായ ഇടപെടൽ അനിവാര്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി സംസ്കരണ സംവിധാനം ഒരുക്കി വിജയകരമായി പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ പണം നിക്ഷേപിക്കാൻ താല്പര്യമുള്ള ഏജൻസികളുമായി ചർച്ച നടന്നെങ്കിലും വേണ്ടത്ര ഫലമുണ്ടായില്ലെന്നും പ്രസ്തുത പദ്ധതിയുമായി സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ സർക്കാർ ശുചിത്വ മിഷനുമായി ബന്ധപ്പെടുത്തുമെന്നും സമിതി അറിയിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 2013-ൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് സ്ഥാപിച്ചെങ്കിലും പരിമിതമായ വിഭവങ്ങളും ജീവനക്കാരും മാത്രമേ ഉള്ളുവെന്നതിനാൽ അതിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് സമിതി നിരീക്ഷിച്ചു.

കൊച്ചിയിലെ ബ്രഹ്മപുരത്ത് 300 കോടിയിലേറെ രൂപ ചെലവഴിച്ച് ഒരു മാലിന്യ സംസ്കരണ സംവിധാനം നിർമ്മിക്കാൻ സർക്കാർ തയ്യാറാകുന്നതായി സമിതി നിരീക്ഷിച്ചു. മാലിന്യ സംസ്കരണത്തിനായി സർക്കാർ പദ്ധതി തയ്യാറാക്കുമ്പോൾ അതിനെതിരെ പൊതുജനങ്ങളെ സംഘടിപ്പിച്ച് പരാജയപ്പെടുത്തുന്ന ഒരു പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതായി സമിതി വിലയിരുത്തി.

മാലിന്യ നിർമ്മാർജ്ജനത്തിനായി പ്ലാൻ ഫണ്ടിൽ പണം നീക്കിവയ്ക്കുമെങ്കിലും പ്രായോഗിക തലത്തിൽ യാതൊരു മാറ്റവും ഉണ്ടാകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ നൽകുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആറുമാസത്തിനുള്ളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ തുടങ്ങണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം സംസ്ഥാന വ്യാപകമായി ഒരു നിയമത്തിലൂടെയോ ഉത്തരവിലൂടെയോ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, 2018 ജനുവരി 1-ാം തീയതി മുതൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിക്കണമെന്നും അതിനുശേഷം ഏതെങ്കിലും കടകൾ പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിൽക്കുകയാണെങ്കിൽ അവയുടെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകണമെന്നും നിർദ്ദേശിച്ചു. യോഗത്തിൽ ഹാജരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പരിപാടികൾ സംബന്ധിച്ചും പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് പിൻവാങ്ങേണ്ടി വന്ന പദ്ധതികളെ സംബന്ധിച്ചും വിശദീകരിക്കുവാൻ സമിതി ആവശ്യപ്പെട്ടു.

മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞു. എല്ലാ നഗരസഭാ സെക്രട്ടറിമാരും തങ്ങളുടെ നഗരസഭയിൽ എത്ര വാർഡുണ്ടെന്നും മാലിന്യത്തിന്റെ അളവ്, ജനസംഖ്യ, ഓരോ ദിവസത്തേയും മാലിന്യത്തിന്റെ അളവ് എത്ര എന്നതുകൂടി വിശദീകരിച്ചാൽ ഈ പൊതു പ്രശ്നത്തിന്റെ യഥാർത്ഥ രൂപം കണ്ടെത്താൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

പ്ലാസ്റ്റിക് ക്യാരിബാഗുകളും Non Woven polypropylene പ്ലാസ്റ്റിക്കുകളും നിരോധിച്ചുകൊണ്ട് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും എല്ലാ പൊതുപരിപാടികൾക്കും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കിയിട്ടുണ്ടെന്നും അതിന്റെ ഫലമായി കഴിഞ്ഞ ആറ്റുകാൽ പൊങ്കാലയ്ക്ക് മാലിന്യത്തിന്റെ അളവ് മുൻപത്തേക്കാൾ കുറവായിരുന്നുവെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി യോഗത്തെ അറിയിച്ചു. തിരുവനന്തപുരം നഗരസഭയിൽ 100 വാർഡുകൾ ഉണ്ടെന്നും ജനസംഖ്യ 9.65 ലക്ഷമാണെന്നും ഒരു ദിവസം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് 350 മെട്രിക് ടൺ ആണെന്നും വിശദീകരിക്കപ്പെട്ടു. 2011-ൽ വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പൂട്ടിയതോടെ പെട്ടെന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ വ്യക്തികൾക്ക് 87,000 പൈപ്പ് കമ്പോസ്റ്റ് സംവിധാനവും 1750 ബയോഗ്യാസ് പ്ലാന്റുകളും 50 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചെങ്കിലും അവയൊന്നും പ്രശ്ന പരിഹാരമായില്ലെന്നും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായെന്നും പൈപ്പ് കമ്പോസ്റ്റ് അനെയ്റോബിക് രീതിയിലുള്ളതായതിനാൽ ജനങ്ങൾ ഉപയോഗിക്കാത്ത സാഹചര്യം ഉണ്ടായെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 50 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളിൽ 10 എണ്ണം മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂവെന്നും തുമ്പൂർമുഴി മോഡലിലുള്ള എയ്റോബിക് ബിൻ സ്ഥാപിക്കുന്നതിനും വ്യക്തികൾക്ക് കിച്ചൻ ബിൻ നൽകുന്നതിനുമുള്ള കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 15 വാർഡുകളിലായി 15000 കിച്ചൻ ബിൻ വയ്ക്കാൻ ഉദ്ദേശിക്കുന്നതായും ആയതിലേക്ക് 2.85 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതായും നഗരസഭാ സെക്രട്ടറി അറിയിച്ചു. നിലവിൽ 28 പോർട്ടബിൾ ബിന്നുകളും അദാനി ഗ്രൂപ്പ് സ്ഥാപിച്ച 27 ബിന്നുകളും ഉൾപ്പെടെ ആകെ 290 ബിന്നുകൾ ഉണ്ടെന്നും പൈപ്പ് കമ്പോസ്റ്റിനെക്കാൾ ബിൻ ഉപയോഗമാണ് കൂടുതൽ ഫലപ്രദമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

വിവേകപൂർവ്വമല്ലാത്ത സമീപനമാണ് പൈപ്പ് കമ്പോസ്റ്റ് പരാജയപ്പെടാൻ കാരണമെന്ന് നിരീക്ഷിച്ച സമിതി, നഗരസഭയിൽ എത്ര പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു എന്ന് ആരാഞ്ഞു. ക്ലീൻ കേരള കമ്പനി മുട്ടത്തറയിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ട്രയൽ റൺ കഴിഞ്ഞെന്നും മുട്ടത്തറയിൽ രണ്ടും പേരൂർക്കടയിൽ രണ്ടും യൂണിറ്റുകൾ തുടങ്ങാൻ കരാർ കൊടുത്തെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മുട്ടത്തറയിൽ ചില പ്രശ്നങ്ങൾ ഉണ്ടായെന്നും എന്നാൽ ക്ലീൻ കേരള കമ്പനിയുമായി പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച നടത്തിയതിന്റെ ഫലമായി സ്ഥലവാസികളെ തന്നെ ചുമതല ഏൽപ്പിച്ചതു വഴി പൊതുജനങ്ങളുടെ എതിർപ്പ് ഒഴിവാക്കാൻ കഴിഞ്ഞെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി പ്രായോഗികമാണെന്നും സംസ്ഥാനത്തുടനീളം ഈ രീതി അവലംബിക്കുന്നത് പരിഗണിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നഗരസഭയിൽ 6 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) ഉണ്ടെന്നും 15 ദിവസത്തിനകം അവ സ്ഥാപിക്കുമെന്നും ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേയറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും തീരുമാനമെടുത്തിരുന്നെന്നും പനി സീസണ് മുമ്പ് എടുത്ത തീരുമാനം പ്രാവർത്തികമാക്കിയിരുന്നെങ്കിൽ പനി ഇത്ര രൂക്ഷമാകില്ലായിരുന്നെന്നും ഇക്കാര്യത്തിൽ നഗരസഭയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

എല്ലാ നഗരസഭകളിലും ഡി & ഒ ലൈസൻസ് നൽകിയവരോട് രണ്ട് മാസത്തിനകം എയ്റോബിക് ബിൻ സ്ഥാപിക്കണമെന്നും മാലിന്യമുണ്ടാകാൻ സാധ്യതയുള്ള എല്ലായിടത്തും മാലിന്യ നിർമ്മാർജ്ജന സംവിധാനം ഒരുക്കിയാൽ മാത്രമേ പുതിയ ഡി & ഒ ലൈസൻസ് നൽകാൻ പാടുള്ളുവെന്നും ലൈസൻസ് പുതുക്കാൻ വരുന്നവർ രണ്ടു മാസത്തിനകം ഈ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ലൈസൻസ് പുതുക്കി നൽകാതെ റദ്ദാക്കുമെന്നുമുള്ള ഉത്തരവ് 24 മണിക്കൂറിനകം ഇറക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

റസ്റ്റോറന്റ്, ഹോട്ടൽ, കല്യാണ മണ്ഡപങ്ങൾ, മിനി ക്ലബുകൾ, കോളേജ് ആഡിറ്റോറിയങ്ങൾ, (കല്യാണ ആവശ്യത്തിന് എടുക്കുന്നത്) കാറ്ററിംഗ് യൂണിറ്റുകൾ, കൊമേഴ്സ്യൽ മിനിഹാൾ തുടങ്ങി ഭക്ഷണം പാകം ചെയ്യുകയോ ഭക്ഷണ സാധനങ്ങൾ വിളമ്പുകയോ ചെയ്യുന്ന് എല്ലാ സ്ഥാപനങ്ങളെയും ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്താമെന്നും കാറ്ററിംഗ് യൂണിറ്റുകൾ അവരുടെ ഭക്ഷണം പാകം ചെയ്യുന്ന സ്ഥലത്ത് എയ്റോബിക് ബിന്നുകൾ സ്ഥാപിക്കണമെന്നുമുള്ള നിർദ്ദേശവും നൽകാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കടകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളെ പ്ലാസ്റ്റിക്, നോൺ ബയോഡിഗ്രേഡബിൾ (നോൺ പ്ലാസ്റ്റിക്), തെർമോകോൾ എന്നിങ്ങനെ തിരിക്കാമെന്നും, പ്ലാസ്റ്റിക്കിനെ പോലെ അപകടകാരിയാണ് തെർമ്മോകോളെന്നും അവ ജലാശയങ്ങളിൽ തള്ളപ്പെടുന്ന അവസ്ഥ ഇല്ലാതാക്കാൻ ഇത്തരം സ്ഥാപനങ്ങളെക്കുറിച്ചുള്ള പരാമർശം ഉത്തരവിൽ പ്രത്യേകം ഉൾപ്പെടുത്താമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്നറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് വലിയ രീതിയിലുള്ള പ്രചാരണം കൊടുക്കേണ്ടത് അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, മീഡിയയുടെ സഹായത്തോടെ ഇതിനെക്കുറിച്ച് സന്ദേശം പ്രചരിപ്പിക്കുന്നതിന് പ്രസ്സ് മീറ്റ് സംഘടിപ്പിക്കണമെന്നും നിർദ്ദേശിച്ചു. സംസ്ഥാന വ്യാപകമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ള ചോദ്യത്തിന്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് നിലവിലുണ്ടെന്നും ഓരോ നഗരസഭയിലും പ്രത്യേക നിരോധനം ഏർപ്പെടുത്തി ഉത്തരവിറക്കിയാൽ മാത്രമേ നിലനിൽക്കുകയുള്ളുവെന്നും അല്ലെങ്കിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം സംബന്ധിച്ച് വീണ്ടും ഒരു ഉത്തരവിറക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ നഗരസഭകളും വിജ്ഞാപനം ഇറക്കുന്നതിന്റെയും സാധ്യത സമിതി ആരാഞ്ഞതിന്, പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിനുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിനാണെന്നും എന്നാൽ നഗരസഭകൾ സഹകരിക്കാത്തതിനാൽ ഈ പ്രശ്നം കോടതിയുടെ പരിഗണനയിൽ വന്നപ്പോൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്ലാസ്റ്റിക് നിരോധിച്ച ശേഷം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നും എന്നാൽ മാത്രമേ നഗര-ഗ്രാമ-തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ അവർക്ക് ഉത്തരവാദിത്വമുണ്ടാവുകയുള്ളൂ എന്നും കോടതി നിരീക്ഷിച്ചതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരോധന ഉത്തരവ് സൂചിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവിറക്കണമെന്നും നിശ്ചിത സമയത്തിനുള്ളിൽ എല്ലാ പ്ലാസ്റ്റിക്കും ഉപയോഗിച്ച് കഴിഞ്ഞിരിക്കണമെന്നൊരു കർശനനിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു

മാലിന്യ പ്രശ്നത്തെ പ്രായോഗിക ബുദ്ധിയോടെ സമീപിക്കേണ്ടതിന്റെ ആവശ്യകത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഇത് സ്വന്തം പ്രശ്നമായി കണ്ടാൽ മാത്രമേ വിജയം കൈവരിക്കാൻ കഴിയൂവെന്നും പകരം സംവിധാനം ഒരുക്കിയില്ലെങ്കിൽ ജനങ്ങളുടെ സഹകരണം ലഭിക്കില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം കോടതിയിൽ വന്നപ്പോൾ 50 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക്കുകൾക്ക് റീ-സൈക്ലിംഗും പുനരുപയോഗവും ഉണ്ടെന്ന് കോടതി നിരീക്ഷിക്കുകയും ആയതിന് അനുവാദം നൽകുകയും ചെയ്തുവെന്നും അദ്ദേഹം തുടർന്നറിയിച്ചു.

ആരോഗ്യ വകുപ്പിന്റെ ഭാഗമായിരുന്ന മലിനീകരണ നിയന്ത്രണ ബോർഡ് ഇപ്പോൾ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലാണെന്നും അന്ന് വ്യവസായ വകുപ്പിൽ നിന്നും

കൊടുത്ത സത്യവാങ്മൂലം അതിനനുകൂലമായിട്ടായിരുന്നെന്നും ആയതിനാൽ മുഖ്യമന്ത്രി തലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉദ്യോഗസ്ഥരെയും വിളിച്ച് ഒരു തീരുമാനമെടുത്ത് മുന്നോട്ട് പോകുന്നതാണ് ഉചിതമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം ശാസ്ത്രസാങ്കേതിക വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതോടൊപ്പം ബദൽ സംവിധാനങ്ങൾ കുടുംബശ്രീ വഴി നടപ്പിലാക്കണമെന്നും നിലവിൽ ജനങ്ങൾ അതിനു തയ്യാറാകുന്ന മാനസികാവസ്ഥയിലാണെന്നും സമിതി ചൂണ്ടിക്കാട്ടി. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി ചുരുങ്ങിയ ചെലവിൽ തുണി സഞ്ചികൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. പ്ലാസ്റ്റിക് ക്യാരിബാഗ് ഒഴിവാക്കി തുണി സഞ്ചി ഉണ്ടാക്കുന്നതിന് 2.5 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്നും ഓരോ വീടിനും രണ്ട് തുണി സഞ്ചികൾ വീതം സൗജന്യമായി കൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചു. കേരളത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധനം ഏറ്റവും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കിയത് തിരുവനന്തപുരം നഗരസഭയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

നഗരത്തിലെ കടകൾക്ക് ഡി & ഒ ലൈസൻസ് നൽകണമെങ്കിൽ പ്ലാസ്റ്റിക് നിരോധിക്കണമെന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥയുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, മുനിസിപ്പാലിറ്റീസ് ആക്ടിൽ ആയത് സംബന്ധിച്ച് വ്യവസ്ഥയില്ലെന്നും ഭേദഗതിയിൽ ബയോഡിഗ്രേഡബിൾ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യണമെന്ന് മാത്രമേ വ്യവസ്ഥ ഉള്ളൂ എന്നും ഡി & ഒ ലൈസൻസ് നിഷേധിക്കാൻ വ്യവസ്ഥ ചെയ്യുന്നില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു .

അത്തരം ഭേദഗതി വരുമ്പോൾ അതിന്റെ കൂടെ സ്വീവറേജ് കണക്ഷനില്ലാത്ത സ്ഥലത്ത് നിർബന്ധമായും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൂടി വേണമെന്ന് വ്യവസ്ഥ ചെയ്യണമെന്നും നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമേ സ്വീവറേജ് ലൈനുകളുള്ളൂ എന്നും കേരളത്തിലെ മറ്റ് പട്ടണങ്ങളിൽ ഓപ്പൺ ഡ്രെയിനേജിലേക്ക് കക്കൂസ് മാലിന്യങ്ങൾ ഒഴുക്കുകയും സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തള്ളുകയും ചെയ്യുകയാണെന്നും എല്ലാ പട്ടണങ്ങളിലും സ്വീവറേജ് ലൈൻ ഉണ്ടാക്കുന്നതു കൂടി ബിൽഡിംഗ് പെർമിറ്റ് റൂളിന്റെ ഭാഗമാക്കാൻ ശ്രമിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ 10 കോടി രൂപയും കിഫ്ബിയിൽ നിന്നും 180 കോടി രൂപയും ലഭിക്കുമെന്നും പ്രസ്തുത തുക ഉപയോഗിച്ച്

കഴിഞ്ഞാൽ അഡീഷണൽ ആതറൈസേഷനിലൂടെ കൂടുതൽ തുക അനുവദിക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. അമൃത് പദ്ധതിയിൽ ഉൾപ്പെട്ട 9 പട്ടണങ്ങളിൽ ആയത് വ്യാപിപ്പിക്കുമെന്നും ആലപ്പുഴ, പൊന്നാനി, ഗുരുവായൂർ, കൊല്ലം ജില്ലയുടെ പശ്ചിമഭാഗങ്ങൾ, തീരദേശമേഖലകളിലൊക്കെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുൻഗണനാ ക്രമത്തിൽ ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞാൽ മറ്റുള്ള സ്ഥലങ്ങളിൽ നിന്നും ടാങ്കറിൽ ശേഖരിക്കുന്ന മാലിന്യം ഒരു ചെറിയ ഫീസ് ഈടാക്കി സംസ്കരിക്കാൻ കഴിയുമെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളായ ആലപ്പുഴയിലും കുമരകത്തും സെപ്റ്റിക് ടാങ്ക് കായലിലേക്ക് തുറന്നു വിടുന്നത് തടയണമെങ്കിൽ മാലിന്യം പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും ഹൗസ് ബോട്ടുകളിലെ ടോയ്‌ലറ്റ് മാലിന്യം കായലിലേക്ക് ഒഴുക്കുന്നത് അപകടമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്നറിയിച്ചു. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കിയ ശേഷം ബോട്ടുകളുടെ പാർക്കിംഗ് ഏരിയയോട് ചേർന്ന് മെക്കനൈസ്ഡായി വാക്വം സക്കിംഗിലൂടെ എടുക്കാനുള്ള സംവിധാനം മുനിസിപ്പാലിറ്റിയും ടൂറിസം വകുപ്പും സംയുക്തമായി ചേർന്നു ചെയ്യാവുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ മാലിന്യ സംസ്കരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യണമെന്ന് ടൂറിസം വകുപ്പിനോട് ആവശ്യപ്പെടണമെന്ന് സമിതി പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

93 നഗരസഭകളിലെങ്കിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപിക്കണമെന്നും പ്ലാസ്റ്റിക് ഔട്ട് സോഴ്സ് ചെയ്തു കൊടുക്കുമ്പോൾ അത് ഏറ്റെടുക്കുന്നവർ അടുത്ത പഞ്ചായത്തുകളിൽ കൊണ്ടു നിക്ഷേപിക്കുന്നതിനാൽ പ്ലാസ്റ്റിക് കയറ്റി അയയ്ക്കുന്നത് കർശനമായി നിരോധിക്കണമെന്നും നിർബന്ധമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഡി.പി.സി. അംഗീകാരം ലഭിക്കില്ലെന്ന് നഗരസഭകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര നിർദ്ദേശം നൽകണമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു. കൂടാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ പദ്ധയിൽ വയ്ക്കാത്ത ബ്ലോക്ക് പഞ്ചായത്തുകളെ കണ്ടെത്തി അടിയന്തരമായി നിർദ്ദേശം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണറോടും സമിതി നിർദ്ദേശിച്ചു.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനോടൊപ്പം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിനായി സ്ഥലം ഉൾപ്പെടുത്തണമെന്ന് ഉത്തരവിലൂടെ നിർദ്ദേശിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. പ്ലാസ്റ്റിക് അല്ലാത്ത നോൺ ഡീ-ഗ്രേഡബിൾ വസ്തുക്കൾ ധാരാളം വരുന്നതിനാൽ അവയ്ക്ക് കൂടുതൽ സ്ഥലം

ആവശ്യമാണെന്നും ആയതിനാൽ റിസോഴ്സ് റിക്കവറി സെന്റർ പ്രത്യേകം വേണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

മാലിന്യസംസ്കരണത്തിനായി തിരുവനന്തപുരം കോർപ്പറേഷൻ കോടിക്കണക്കിനു രൂപ ചെലവഴിച്ചിട്ടും മഴക്കാലത്ത് മാലിന്യം റോഡിലൂടെ ഒഴുകുകയായിരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. 500 ശുചീകരണ തൊഴിലാളികളെ അധികമായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും അവർക്ക് മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും ആരോഗ്യകരവും അപകട മില്ലാതെയും ജോലി ചെയ്യുന്നതിനും ശുചിത്വമിഷന്റെ പരിശീലനം നിർബന്ധമായും കൊടുക്കണമെന്ന് നിർദ്ദേശം നൽകിയതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

പൈപ്പ് കമ്പോസ്റ്റിൽ ഇനോക്കുലം ആവശ്യത്തിന് ഉപയോഗിക്കണമെന്നും അപ്പോൾ ബാക്ടീരിയൽ ഡീ-കമ്പോസിഷൻ വളരെ വേഗത്തിലാവുമെന്നും മഴ നനയാതെ സൂക്ഷിച്ചാൽ പുഴശല്യം ഉണ്ടാവുകയില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഇനോക്കുലം നന്നായി കമ്പോസ്റ്റ് ചെയ്യുമ്പോൾ ഈർപ്പം കൂടുതൽ ആകാത്ത രീതിയിൽ ചെയ്യുകയാണെങ്കിൽ പുഴശല്യം ഉണ്ടാകില്ലെന്നും ചില സർവ്വീസ് പ്രൊവൈഡർമാർ ഇനോക്കുലം കൊടുക്കുമ്പോൾ തന്നെ ബയോഡാർവിസൈഡും കൊടുക്കുന്നുണ്ടെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു

ബയോ ഡീഗ്രേഡബിൾ വേസ്റ്റ് പ്രോസസ് ചെയ്യുന്നതിന് അനുയോജ്യമായ രീതി എന്താണെന്ന് സമിതി ആരാഞ്ഞതിന്, ഇനോക്കുലം ചെയ്യുമ്പോൾ മഞ്ഞൾപ്പൊടി തളിക്കുന്നത് നല്ലതാണെന്നും പുഴുവും മണവും ഉണ്ടാകുകയില്ലെന്നും ക്ലീൻ കേരള കമ്പനി എം.ഡി. അഭിപ്രായപ്പെട്ടു.

ഇനോക്കുലം ചെയ്യുമ്പോൾ ഈർപ്പം കൂടുതൽ ഉള്ളതാണ് പുഴു ഉണ്ടാകാൻ കാരണമെന്നും വേസ്റ്റ് നിക്ഷേപിക്കുമ്പോൾ അതിലുള്ള ജലാംശം ആഗിരണം ചെയ്യുന്നതിന് കരിയില ഇടണമെന്നും അന്തരീക്ഷത്തിൽ കൂടുതൽ കാറ്റടിക്കുന്ന സമയം അതിലുള്ള ഈർപ്പം വർദ്ധിക്കുകയും പുഴു ഉണ്ടാവുകയും ചെയ്യുന്നുവെന്നും, മഞ്ഞൾപൊടി വിലയുള്ള തായതിനാൽ അതിനു പകരം വേപ്പിലയിട്ട് തിളപ്പിച്ച ജലം 15 ദിവസത്തിനുശേഷം അരിച്ചെടുത്ത ലായനി തളിക്കുന്നത് പുഴശല്യം ഉണ്ടാകാതിരിക്കാൻ നല്ലതും ചെലവ് കുറഞ്ഞതുമാണെന്ന് ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

മാലിന്യ സംസ്കരണത്തിന് മൺകലം ഉപയോഗിക്കുന്നത് നല്ലതാണെന്നും മൺകലത്തിന്റെ ഉപരിതലം സ്മൂത്ത് അല്ലാത്തതിനാൽ പുഴുക്കൾ പുറത്തു വരാതിരിക്കുമെന്നും നല്ല കമ്പോസ്റ്റ് ലഭിക്കുമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു

## കൊല്ലം കോർപ്പറേഷൻ

മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് കൊല്ലം കോർപ്പറേഷൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞു. കൊല്ലം കോർപ്പറേഷൻ 57 സ്ക്വയർ കിലോ മീറ്ററിൽ 55 ഡിവിഷനുകളായി വ്യാപിച്ചുകിടക്കുന്നതാണെന്നും ജനസംഖ്യ 3.4 ലക്ഷം ആണെന്നും ദിവസേന 82 ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഡോർ ടു ഡോർ കളക്ഷൻ സംവിധാനം നിലവിലില്ലെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

മാലിന്യ നിർമ്മാർജ്ജനത്തിന് പ്ലാന്റ് സ്ഥാപിച്ചിട്ടില്ലേയെന്നും കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ ആയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പ്ലാന്റിന്റെ പണി ഇടങ്ങിയെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണം നിർത്തിവച്ചിരിക്കുയാണെന്ന് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. 13 കമ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റുള്ളതിൽ 6 എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും 6 എണ്ണം അറ്റകുറ്റപണിക്കായി ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 1540 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടെന്നും അവയെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും നാലു ടണ്ണോളം മാലിന്യങ്ങൾ വീടുകളിൽ തന്നെ പ്രോസസ് ചെയ്യുന്നുണ്ടെന്നും 428 പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ടെന്നും ഇമ്പൂർമൂഴി മോഡൽ വികേന്ദ്രീകരണ സംവിധാനം ഒരുക്കുന്നതിന് 11 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 13 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി 11 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി വരുന്നതായും ഒരു യൂണിറ്റിന് 20 ലക്ഷം ചെലവ് വരുന്ന പ്ലാന്റിന്റെ കപ്പാസിറ്റി 1 ടൺ ആണെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്ത് കുറഞ്ഞ ചെലവിൽ ചെയ്യാവുന്നതാണെന്നും ഒരു ടണ്ണിന് ആകെയുണ്ടാകുന്ന ചെലവ് 4.5 ലക്ഷം രൂപയാണെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് പ്രസ്തുത പദ്ധതി ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ചെയ്തിട്ടുള്ളത് ആലപ്പുഴ മുനിസിപ്പാലിറ്റിയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന ഇത്തരം പദ്ധതികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് നിരീക്ഷിച്ച സമിതി വളരെ ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

പൊതു സ്ഥലങ്ങളിൽ കെട്ടിക്കിടക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് തുമ്പൂർമൂഴി മോഡലിൽ പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണെന്നും വീടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് 11 കോടി രൂപയുടെ പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങിയശേഷം സാങ്കേതിക അനുമതിക്കായി ശുചിത്വ മിഷന് സമർപ്പിച്ചിരിക്കുകയാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു

പൊതുസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ വാർഡ് അടിസ്ഥാനത്തിൽ ഒരു പ്ലാന്റെങ്കിലും സ്ഥാപിക്കുകയും വീടുകൾ, കടകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നുമുള്ള നിർദ്ദേശം സമിതി അംഗീകരിച്ചു

ബസുകളിലും ഓട്ടോറിക്ഷയിലുമൊക്കെ യാത്ര ചെയ്യുന്നവർ മാലിന്യങ്ങൾ റോഡിലേക്ക് വലിച്ചെറിയുന്ന പ്രവണത കുറച്ചുകൊണ്ടുവരുന്നതിന് വ്യാപാരി വ്യവസായികളും റസിഡന്റ്സ് അസോസിയേഷനുകളും തയ്യാറാകണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ടൂറിസം മേഖലകളായ തായ്‌ലന്റ്, ഹോംകോംങ്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലെ യാത്രക്കാരുടെ സൗകര്യാർത്ഥം ടാക്സികളിലും ഓട്ടോ റിക്ഷകളിലും വേസ്റ്റ്ബിൻ ഘടിപ്പിച്ചിട്ടുള്ളതുപോലെ നമ്മുടെ രാജ്യത്തും ആ സമ്പ്രദായം നടപ്പിലാക്കുന്നത് നന്നായിരിക്കുമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായം സമിതി അംഗീകരിക്കുകയും ഇക്കാര്യം ടൂറിസം വകുപ്പിനോടും മോട്ടോർ വാഹന വകുപ്പിനോടും ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

കൊല്ലം കോർപ്പറേഷനിൽ എത്ര ശുചീകരണത്തൊഴിലാളികൾ ഉണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 164 സ്ഥിരം തൊഴിലാളികളും 63 സി.ആർ.എൽ. തൊഴിലാളികളുമാണുള്ളതെന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം 100 പേരെ അധികമായി നിയമിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ടൂറിസം രംഗത്ത് വൻ സാധ്യതയുള്ള കൊല്ലം പോലുള്ള പ്രദേശങ്ങളിലെ പരിസരവാസികളും ഇവിടെ എത്തുന്ന വിനോദ സഞ്ചാരികളും വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ആയതിനായി പ്രത്യേക ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

തുമ്പൂർമുഴി മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വമിഷന്റെ സാങ്കേതിക അനുമതിക്കായി അയച്ചിട്ട് ആറ് മാസമായെങ്കിലും ആയത് ലഭിച്ചില്ലെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചപ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാങ്കേതിക അനുമതി ലഭിക്കുന്നതിനായി ശുചിത്വ മിഷനിലേക്ക് അയയ്ക്കുന്ന പദ്ധതികൾക്ക് അംഗീകാരം കിട്ടുന്നതിന് വലിയ കാലതാമസം നേരിടുന്നുണ്ടെന്ന പരാതി

ലഭിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഡി.പി.സി അംഗീകരിച്ച് സാങ്കേതിക അനുമതി ലഭിക്കാത്ത പദ്ധതികൾ ശുചിത്വമിഷനിൽ തീർപ്പാക്കാതെയുണ്ടോ എന്നത് പരിശോധിച്ച് മറുപടി നൽകണമെന്നും എത്രയും വേഗം ആയതിന്മേൽ തീർപ്പുണ്ടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കണമെന്നും നിർദ്ദേശിച്ചു.

കോർപ്പറേഷനുകൾ ശുചിത്വമിഷന് അയച്ചുവെന്ന് പറയപ്പെടുന്ന ഡി.പി.ആർ. സ്വച്ഛ് ഭാരത് മിഷനുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് അയയ്ക്കേണ്ടതായിരുന്നുവെന്നും എന്നാൽ കോർപ്പറേഷൻ സമർപ്പിച്ച ഡി. പി. ആർ. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ഫോർമാറ്റിലല്ലാത്തതിനാൽ തിരിച്ചയയ്ക്കപ്പെടുകയാണുണ്ടായതെന്നും ആയതിനാൽ നിർദ്ദിഷ്ട ഫോർമാറ്റിൽ അപേക്ഷ സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സോഷ്യലൈസ്ഡ് ഏജൻസികൾ മുഖാന്തരം കൃത്യമായ ഫോർമാറ്റിൽ ഡി. പി. ആർ. തയ്യാറാക്കി സമർപ്പിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ഫയൽ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ എന്തൊക്കെ ന്യൂനതകളാണുണ്ടെന്ന് പരിശോധിച്ച് തെറ്റ് തിരുത്തി കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുന്നതിനുപകരം ഡി.പി.ആർ നിർദ്ദിഷ്ട ഫോർമാറ്റിലല്ലെന്ന് ബോധ്യമുണ്ടായിട്ടും സ്വച്ഛ് ഭാരത് മിഷന് അയച്ചുകൊടുക്കുകയും ആയത് നിരസിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്ത ശുചിത്വമിഷന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

ഇത് സംബന്ധിച്ച് ബന്ധപ്പെട്ട കോർപ്പറേഷനുകൾക്ക് എത്ര ദിവസത്തിനുള്ളിൽ മറുപടി നൽകാൻ സാധിക്കും എന്ന സമിതിയുടെ ചോദ്യത്തിന് ഒരാഴ്ച്ചയ്ക്കുള്ളിൽ നൽകാമെന്ന് ശുചിത്വമിഷൻ ഡയറക്ടർ ഉറപ്പുനൽകി. സ്വച്ഛ് ഭാരത് മിഷന്റെ 35% സബ്സിഡി ലഭിക്കാൻ വേണ്ടിയാണ് അപേക്ഷ നൽകിയതെന്നും ഫണ്ട് റിലീസ് ചെയ്യുന്നതിനായി ഫയൽ പെട്ടെന്ന് അയച്ചുതരണമെന്ന് ആവശ്യപ്പെട്ടതനുസരിച്ചാണ് എസ്.എച്ച്.പി.സി യിൽ ഉൾപ്പെടുത്തി ഫയൽ അയച്ചതെന്നും പ്രസ്തുത ഫയൽ 4-7-2017 നാണ് തിരികെ വന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

സബ്സിഡി ഒന്നുമില്ലാതെ തന്നെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ പ്രവൃത്തി ചെയ്യേണ്ട ഉത്തരവാദിത്വം കോർപ്പറേഷനുകൾക്കുണ്ടെന്നും ആയതിനാവശ്യമായ സാങ്കേതികാനുമതി ശുചിത്വമിഷൻ നൽകണമെന്നും പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പ്രവൃത്തിക്ക് ശുചിത്വമിഷന്റെ പ്ലാൻ ഫണ്ടിൽ നിന്ന് നൽകാൻ കഴിയുന്ന സബ്സിഡി നൽകണമെന്നും സബ്സിഡി ലഭിക്കുന്നതിനുള്ള അർഹത നേടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി സമർപ്പിക്കേണ്ടതെങ്ങനെയെന്നും

ഏതൊക്കെ രേഖകളാണ് ആവശ്യമായി വരുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ ഉചിതമായിരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. സ്വച്ഛ് ഭാരത് മിഷന്റെ ഫണ്ട് പിന്നീട് വാങ്ങാവുന്നതേയുള്ളൂവെന്നും ശുചിത്വമിഷന്റെ പേര് പറഞ്ഞ് ജോലി ചെയ്യാതിരിക്കേണ്ട തില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കൊച്ചി കോർപ്പറേഷൻ

മാലിന്യ നിർമ്മാർജ്ജനത്തിന് കൊച്ചി കോർപ്പറേഷൻ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞു. കൊച്ചി കോർപ്പറേഷനിൽ 74 വാർഡുകളും ഏകദേശം 6 ലക്ഷം ജനസംഖ്യയും 98 സ്ക്വയർ കിലോമീറ്ററിനുള്ളിൽ ഒന്നര ലക്ഷത്തോളം വീടുകളുമുണ്ടെന്നും ദിവസേന 160-180 ടൺ ജൈവ മാലിന്യങ്ങളും 40 മുതൽ 60 ടൺ വരെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും അടുത്ത് ആറ് നഗരസഭകളിൽ നിന്നുള്ള 50 ടൺ വരെയുള്ള സോളിഡ് വേസ്റ്റും പ്ലാസ്റ്റിക് വേസ്റ്റും ബ്രഹ്മപുരം പ്ലാന്റിൽ പ്രോസസ് ചെയ്യുന്നുണ്ടെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. അവിടെ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്ലാന്റ് നിർമ്മിച്ചിരിക്കുന്ന ഷെഡ് ഇടിഞ്ഞു താണ നിലയിലാണെന്നും പുതിയ ഷെഡ് നിർമ്മിച്ചില്ലെങ്കിൽ മെഷീനുകൾ ഇളക്കിയെടുത്ത് മാറ്റിവയ്ക്കാൻ ബുദ്ധിമുട്ടാണെന്നും മാലിന്യം മറ്റൊരു സ്ഥലത്തുവച്ച് സെഗ്രിഗേറ്റ് ചെയ്യുന്നുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

മാലിന്യങ്ങൾ തരംതിരിക്കാതെ കൊണ്ടുപോകുന്നതുകൊണ്ടാണ് പ്രോസസിംഗ് വിജയകരമാകാത്തതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. നടപ്പ് വർഷം മുതൽ മാലിന്യം തരം തിരിച്ചാണ് എടുക്കുന്നതെന്നും എന്നാൽ സമീപ നഗരങ്ങളിൽ നിന്നും റോഡുകളിൽ കൊണ്ടിടുന്ന മാലിന്യങ്ങൾ പ്ലാസ്റ്റിക്കും സോളിഡും കൂടിക്കലർന്നതായതിനാൽ വേർതിരിക്കാനോ സെഗ്രിഗേറ്റ് ചെയ്യാനോ സാധിക്കുന്നില്ലെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

മാലിന്യങ്ങൾ പൊതു നിരത്തിൽ വലിച്ചെറിയുന്നവരെ അപ്പോൾതന്നെ പിടികൂടി പെനാൽറ്റി അടപ്പിക്കുന്നതിന് നടപടി വേണമെന്ന് സമിതി നിർദ്ദേശിച്ചു. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രധാന സ്ഥലങ്ങളിൽ ക്യാമറ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും 22 ഹെൽത്ത് ഇൻസ്പെക്ടർമാർ ഉണ്ടെങ്കിലും അവർക്ക് നഗരത്തിൽ മുഴുവൻ പരിശോധിക്കാൻ സാധിക്കാത്തതിനാൽ സീറോ വേസ്റ്റ് പദ്ധതിയുടെ ഭാഗമായി ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു.

കൂടുതൽ ശുചീകരണ തൊഴിലാളികളെ ആവശ്യപ്പെട്ടിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ മീറ്റിംഗിൽ വച്ച് ഒരു വാർഡിൽ 5 പേരെ വീതം നിയമിക്കാൻ അനുവാദം ലഭിച്ചിരുന്നുവെന്നും ജൂലൈ 1 മുതൽ ഒരു മാസത്തേയ്ക്ക് 74 വാർഡുകളിലായി നിയമിച്ചിട്ടുള്ള പ്രസ്തുത തൊഴിലാളികൾ റോഡിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് ബ്രഹ്മപുരത്ത് എത്തിക്കുന്നുണ്ടെന്നും കൂടാതെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങളും ശേഖരിക്കുന്നുണ്ടെന്നും കടകളിൽ നിന്നും യൂസർഫീ ഈടാക്കി മാലിന്യം ശേഖരിക്കുന്നുണ്ടെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

മേഖല അടിസ്ഥാനത്തിൽ, ഡി&ഒ ലൈസൻസ് കൊടുത്ത സ്ഥാപനങ്ങളുടെയും ഫീസ് ഈടാക്കി കൊണ്ട് മാലിന്യം എടുക്കുന്നവരുടെയും തരംതിരിച്ച് മാലിന്യം എടുക്കുന്നവരുടെയും ലിസ്റ്റ് തയ്യാറാക്കണമെന്നും 74 വാർഡുകളിലായി ഉള്ള 160 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ യൂണിഫോം ധരിച്ച് സൂപ്പർവൈസ് ചെയ്യണമെന്ന നിർദ്ദേശവും നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറി അഭിപ്രായപ്പെട്ടു. യൂണിഫോം അലവൻസും വാഷിംഗ് അലവൻസും കൈപ്പറ്റുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർ ഡ്യൂട്ടിസമയത്ത് യൂണിഫോം ധരിക്കണമെന്നുള്ള കാര്യത്തിൽ സെക്രട്ടറി കർശന നടപടി എടുക്കണമെന്നും അല്ലാത്തവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൊച്ചി കോർപ്പറഷനിൽ സീറോ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞതായി കോർപ്പറഷൻ സെക്രട്ടറി അറിയിച്ചു. കൊച്ചി കോർപ്പറേഷൻ സീറോ വേസ്റ്റ് മാനേജ്മെന്റ് സമ്പ്രദായം നടപ്പിൽ വരാനുള്ള സാധ്യത കുറവാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

ബ്രഹ്മപുരത്തെ പുതിയ പ്ലാന്റിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പണി തുടങ്ങുന്നതിന് 20 ഏക്കർ സ്ഥലം അവർക്ക് നൽകണമെന്നാണെങ്കിലും കോർപ്പറഷൻ കൊടുത്ത 20 ഏക്കർ ഭൂമിയിൽ 8 ഏക്കർ മാത്രമേ കരഭൂമി ആയിട്ടുള്ളുവെന്നും 12 ഏക്കർ റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

2017 ഏപ്രിൽ അവസാനം വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ പ്രസ്തുത 12 ഏക്കർ ഭൂമി റവന്യൂ വകുപ്പിന്റെ നടപടി ക്രമം പാലിച്ച് കരഭൂമി ആക്കി മാറ്റാൻ തീരുമാനിച്ചിരുന്നെന്നും 19-6-2017 ന് ലേബർ ലോ മാനേജ്മെന്റ് കൺസൾട്ടിങ് (എൽ.എൻ.എം.സി.) കൂടി കോർപ്പറഷനിലേയ്ക്ക് ശിപാർശ അയച്ചുവെങ്കിലും കോർപ്പറഷനിൽ നിന്നും തെറ്റായ സർവ്വേ നമ്പരാണ് നൽകിയതെന്നും പ്രസ്തുത തെറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും റവന്യൂ രേഖകളിൽ സർവ്വേ നമ്പർ ശരിയാക്കിയ

ശേഷം കോർപ്പറേഷനിൽ എത്തിച്ചിട്ടുണ്ടെന്നും സെക്രട്ടറി കൗൺസിൽ സൈൻ ചെയ്ത് കൊടുത്താൽ മാത്രമേ ഭൂമി കൺവർട്ട് ചെയ്ത് വിജ്ഞാപനമാക്കി നൽകി പ്ലാന്റിന്റെ പണി തുടങ്ങാൻ കഴിയൂ എന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. പ്ലാന്റ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി ഓരോ ദിവസവും വിലയിരുത്തി റിപ്പോർട്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## തൃശ്ശൂർ കോർപ്പറേഷൻ

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന സമിതിയുടെ ചോദ്യത്തിന് കോർപ്പറേഷന് 101 സ്ക്വയർ കി.മി. വിസ്തൃതിയും 55 വാർഡുകളും ഉണ്ടെന്നും ദിവസേന 177 ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നതിൽ 44 ടണ്ണോളം മാലിന്യം പ്രോസസ് ചെയ്യുന്നുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. 7500 രൂപ ദിവസവും കൊടുത്ത് മാലിന്യം എടുക്കുന്നതിന് കോൺട്രാക്ട് കൊടുത്തിരിക്കുകയാണെന്നും 9 സെന്ററുകളിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ ഉണ്ടാകുന്ന ഗ്യാസ് ശക്തൻ സ്റ്റാന്റിലുള്ള ഹോട്ടലുകൾക്ക് കൊടുക്കുകയാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

പ്ലാന്റുകളിൽ പ്രതിദിനമുണ്ടാകുന്ന ആറര ടൺ വളം കിലോഗ്രാമിന് 15 രൂപ നിരക്കിൽ കോൺട്രാക്ടർ വിൽക്കുന്നുവെന്നും കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയുടെ ഒരു ചോദ്യത്തിന് മറുപടി നൽകി.

2012-ൽ 4 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചുവെന്നും ഒരെണ്ണം ജില്ലാ ആശുപത്രിക്ക് കൊടുത്തുവെന്നും രണ്ടെണ്ണം പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി തുടർന്ന് അറിയിച്ചു. 2012-ൽ സ്ഥാപിച്ച മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെന്നും മെഷീന്റെ പ്രധാന ഭാഗങ്ങൾ തുരുമ്പെടുത്ത് പോയിട്ടുണ്ടെന്നും ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. മൂന്നുമാസത്തിനുള്ളിൽ അഞ്ച് സോണുകളിൽ ഓരോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് വീതം സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സമിതി നിർദ്ദേശം 3 മാസത്തിനുള്ളിൽ നടപ്പിലാക്കാൻ ക്ലീൻ കേരള കമ്പനിക്ക് ഓർഡർ നൽകാനും മെഷീൻ സ്ഥാപിക്കാൻ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

റോഡിൽ വലിച്ചെറിയുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി കിലോയ്ക്ക് 2.90 രൂപ നിരക്കിൽ കോൺട്രാക്ട് കൊടുത്തിരിക്കുകയാണെന്നും പ്രതിമാസം 3 ലക്ഷം രൂപയാണ് ഇതിനായി നൽകുന്നതെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വെളിപ്പെടുത്തിയപ്പോൾ ഇത്തരം മാലിന്യങ്ങൾ എവിടേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന്

സമിതി ആരാഞ്ഞു. മാലിന്യം നിക്ഷേപിക്കാൻ സ്ഥലം ഉണ്ടാകണമെന്ന് മാത്രമാണ് ടെണ്ടറിലുള്ളതെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. അടുത്ത ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം എങ്ങോട്ടാണ് കൊണ്ടുപോകുന്നത് എന്നത് ടെണ്ടർ കണ്ടീഷനിൽ ഉൾപ്പെടുത്തണമെന്നും മാലിന്യം കൊണ്ടിടുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണ്ട് ബോധ്യപ്പെട്ടതിനുശേഷം മാത്രം ടെണ്ടർ നൽകിയാൽ മതിയെന്നും സമിതി നിർദ്ദേശിച്ചു

മാലിന്യം കൂട്ടികലർത്തി പുറത്തേയ്ക്ക് അയയ്ക്കരുതെന്നും ഡ്രൈ വേസ്റ്റ് മാത്രമേ കോൺട്രാക്ടറെ ഏൽപ്പിക്കാവൂ എന്നും വൃത്തിയാക്കിയ പ്ലാസ്റ്റിക്, ഗ്ലാസ്, ചപ്പൽ തുടങ്ങി വേർതിരിച്ചെടുക്കാൻ കഴിയുന്ന മാലിന്യങ്ങൾക്ക് മാത്രമേ ടെണ്ടർ നൽകാവൂ എന്നും മിക്സഡ് മാലിന്യങ്ങൾക്ക് ടെണ്ടർ വിളിക്കാൻ പാടില്ലെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

മാലിന്യങ്ങൾ ശേഖരിച്ച് അവ വേർതിരിക്കാതെ പ്രൈവറ്റ് ഏജൻസികൾക്ക് കോൺട്രാക്ട് കൊടുക്കുന്ന തൃശ്ശൂർ കോർപ്പറേഷന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും എല്ലാ മാലിന്യങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നത് എവിടെയെങ്കിലും കൊണ്ടുപോയി തള്ളുന്നതിനാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

## കോഴിക്കോട് കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷനിൽ 'നിറവ്' ന്റെ സഹകരണത്തോടുകൂടി മാലിന്യം തരംതിരിച്ച് നീക്കം ചെയ്യുന്നുണ്ടെന്നും ഞെളിയൻപറമ്പിൽ 1668 മെട്രിക് ടണ്ണിനു മുകളിൽ പ്ലാസ്റ്റിക് മാലിന്യം കെട്ടികിടക്കുന്നുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഞെളിയൻ പറമ്പിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാമെന്ന് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു 60 ദിവസത്തിനുള്ളിൽ മാലിന്യം തരംതിരിച്ച് നൽകാത്തവരുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുമെന്നുള്ള ഉത്തരവ് അടിയന്തരമായി എല്ലാവർക്കും നൽകുന്നതാണെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുള്ള ഷോപ്പുകൾ, വസ്ത്രാലയങ്ങൾ, മാളുകൾ എന്നിവ മാലിന്യം വേർതിരിച്ച് ഗ്രീൻ വേംസ് കമ്പനിക്ക് കൊടുക്കുകയും കമ്പനി പ്ലാസ്റ്റിക് റീ-സൈക്കിളിംഗും ഷ്രെഡിംഗ് യൂണിറ്റും നടത്തുന്നുണ്ടെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഷ്രെഡ്ഡിംഗും റീ-സൈക്കിളിംഗും രണ്ട് കാര്യങ്ങളാണെന്നും റീ-സൈക്കിളിംഗ് മറ്റൊരു ഉല്പന്നം ആക്കുകയാണെന്നും ഷ്രെഡിംഗ് റോഡ് ടാറിംഗിനാണെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഗ്രീൻ വേംസ് കമ്പനി ഒരു കിലോ ഷ്രെഡഡ് പ്ലാസ്റ്റിക് 14.75 രൂപയ്ക്ക് നൽകുന്നുണ്ടെന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിതെന്നും അവർ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്യുന്നതിനും റീ-സൈക്കിൾ ചെയ്യുന്നതിനും രണ്ട് യൂണിറ്റുകളുണ്ടെന്നും ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ഞെളിയൻ പറമ്പിൽ നിന്നുള്ള മാലിന്യം 'നിറവി'-ന് കൊടുക്കുന്നതിന് പകരം സമാനമായ രീതിയിൽ വേർതിരിച്ചെടുക്കുന്നവർക്ക് കൊടുക്കുകയോ ഗ്രീൻ വേംസ് എന്ന സ്ഥാപനത്തിന് കൊടുക്കുകയോ ചെയ്തുകൂടെ എന്ന സമിതിയുടെ ചോദ്യത്തിന് കോഴിക്കോട് കോർപ്പറേഷനിൽ പുതിയ 5 യൂണിറ്റുകൾ വച്ചിട്ടുണ്ടെന്നും അതിലൊന്ന് ഞെളിയൻ പറമ്പിൽ വച്ചിട്ടുള്ളത് പ്രവർത്തിക്കുന്നില്ലെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

എന്നാൽ ഞെളിയൻ പറമ്പിലുള്ളത് ഷ്രെഡിംഗ് മെഷീനല്ലെന്നും പ്ലാസ്റ്റിക് മാലിന്യത്തെ ഗ്രാന്യൂൾസാക്കി മാറ്റിയശേഷം റീ-സൈക്കിളിംഗ് ചെയ്യുന്നവർക്ക് കൊടുക്കുകയാണെന്നും വൈദ്യുത ചെലവ് നോക്കുമ്പോൾ മുന്നോട്ട് പോകാൻ കഴിയില്ലെന്നും പല സ്ഥലങ്ങളിലും ആരംഭിച്ച് പരാജയപ്പെട്ട സംരംഭമാണിതെന്നും കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ അറിയിച്ചു. ഞെളിയൻ പറമ്പിലുള്ള പ്ലാസ്റ്റിക് മാലിന്യത്തിൽ വൈബ്രേറ്റർ ഉപയോഗിച്ച് മണ്ണ് കളഞ്ഞ് കഴുകിയശേഷം ഉണക്കിയിട്ടാണ് ഷ്രെഡ്ഡ് ചെയ്യേണ്ടതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. ജലം ഉപയോഗിക്കാതെ പ്ലാസ്റ്റിക് മാലിന്യം ഡ്രൈ ആക്കുന്നതിനുള്ള പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ സമിതി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## കണ്ണൂർ കോർപ്പറേഷൻ

മാലിന്യ നിർമ്മാർജ്ജനത്തിന് കണ്ണൂർ കോർപ്പറേഷൻ ചെയ്ത നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞു. 78.38 സ്ക്വയർ കിലോ മീറ്റർ ആണ് കോർപ്പറേഷന്റെ വിസ്തൃതിയെന്നും ജനസംഖ്യ 2.33 ലക്ഷമാണെന്നും ദിവസേന 90 ടൺ മാലിന്യ ഉണ്ടാകുന്നുണ്ടെങ്കിലും 10 ടൺ മാത്രമേ തരം തിരിച്ച് സംഭരിക്കുന്നുള്ളുവെന്നും 26 ഏക്കറുള്ള ചേലോറ ഗ്രൗണ്ടിൽ ആണ് ബയോഡി-ഗ്രേഡബിൾ മാലിന്യം നിക്ഷേപിക്കുന്നതെന്നും പ്ലാസ്റ്റിക് മാലിന്യങ്ങളുമായി ബന്ധപ്പെട്ട് പൊതുജന പ്രക്ഷോഭം ഉണ്ടായതിനാൽ അവിടെ പ്ലാസ്റ്റിക് മാലിന്യം കൊണ്ടു പോകുന്നില്ലെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

ചേലോറയിലെ 26 ഏക്കർ സ്ഥലത്ത് ളുമ്പൂർമൂഴി മാതൃക പരീക്ഷിക്കുന്നത് സംബന്ധിച്ച ചോദ്യത്തിന്, ആയത് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, അവിടെ പ്ലാസ്റ്റിക്

ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ എം.ആർ.എഫ്.എം. സ്ഥലം കണ്ടെത്തി പദ്ധതി വച്ചപ്പോൾ ടെണ്ടറിംഗ് നടത്തിയ സ്ഥലത്തു മാത്രമേ ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ പാടുള്ളുവെന്നും മണ്ണ് പരിശോധനയ്ക്ക് കൂടുതൽ തുക ചെലവാകുമെന്നതിനാൽ പദ്ധതി നിർത്തിവച്ചുവെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

26 ഏക്കർ സ്ഥലത്ത് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് തയ്യാറുള്ള ആളുകൾക്ക് ഭൂമി ലഭ്യമാക്കി കൊടുക്കുവാൻ ഒരു പ്രൊപ്പോസൽ വച്ചിരുന്നെന്നും പിന്നീട് ആയത് വയബിൾ ആവുകയില്ലെന്ന് പറഞ്ഞ് മാറ്റി വച്ചതാണെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി വിശദമാക്കി. പ്രസ്തുത പദ്ധതിയ്ക്ക് ഇൻവെസ്റ്റ് ചെയ്യാൻ ഒരു പ്രൈവറ്റ് പാർട്ടി തയ്യാറായി വന്നിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറിയും നഗരകാര്യ വകുപ്പ് ഡയറക്ടറും കൂടി സ്ഥലം ലഭ്യമാക്കി നൽകണമെന്നും നിലവിലുള്ള മാലിന്യങ്ങൾ അവർ തന്നെ പ്രോസസ്സ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

കണ്ണൂരിലുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെന്നും വിജിലൻസ് കേസ് നിലവിലുള്ളതിനാൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കാനാകുന്നില്ലെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചപ്പോൾ ഇത്തരം പദ്ധതികൾ അഞ്ചുവർഷത്തെ എ.എം.സി. ഉൾപ്പെടെ കരാർ വച്ച് സർക്കാർ അംഗീകൃത ഏജൻസികൾ വഴി നടപ്പിലാക്കണമെന്നും സ്വകാര്യ ഏജൻസികൾ സ്ഥാപിച്ച യൂണിറ്റുകളൊന്നും പ്രവർത്തനക്ഷമമല്ലെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

55 വാർഡുകളിലെ ഡ്രൈ വേസ്റ്റ് തരംതിരിച്ച് കുടുംബശ്രീ യൂണിറ്റുകൾ വഴി ശേഖരിക്കുന്നതിന് 40 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ടെന്നും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 45 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ടെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചപ്പോൾ, പുതിയ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി കണ്ണൂർ കോർപ്പറേഷൻ കൗൺസിൽ നിരസിച്ചിരിക്കുകയാണെന്ന് ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

10 വാർഡുകൾ വരെ മാതൃകാപരമായി ചെയ്യുന്നൊരു പദ്ധതിയാണിതെന്നും തളിപ്പറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇതുപോലൊരു യൂണിറ്റ് ഉള്ളതു കൊണ്ടായിരിക്കാം പ്രസ്തുത പദ്ധതി നിരസിച്ചതെന്നും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ചേലോറയിൽ തുമ്പൂർമുഴി മാതൃകയിൽ ഒരു പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചപ്പോൾ, 26 ഏക്കർ ഭൂമിയിൽ സ്വന്തമായി പണം ചെലവഴിച്ച് പ്ലാന്റ് സ്ഥാപിക്കുന്ന രീതിയിൽ നിന്നും മാറി ബ്രഹ്മപുരം മാതൃകയിൽ പ്ലാന്റ് നിർമ്മിക്കാൻ തയ്യാറാകണമെന്ന് സമിതി നിർദ്ദേശിച്ചു.

## ആലപ്പുഴ മുനിസിപ്പാലിറ്റി

മാലിന്യനിർമ്മാർജ്ജനത്തിനായി ആലപ്പുഴ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 46.7 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 52 വാർഡുകളുണ്ടെന്നും 2011-ലെ കണക്കനുസരിച്ച് ജനസംഖ്യ 197027 ആണെങ്കിലും നിലവിൽ 2.40 ലക്ഷം ആളുകൾ ഉണ്ടെന്നും ഫ്ലോട്ടിംഗ് പോപ്പുലേഷൻ ദിവസേന 8000 മുതൽ 10000 വരെയാണെന്നും പ്രതിദിനം 58 ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നുവെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

ആകെ ഉല്പാദിപ്പിക്കപ്പെടുന്ന 52 ടൺ മാലിന്യത്തിൽ 19.72 ടൺ വീടുകളിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ടെന്നും പൊതുമാലിന്യം സംസ്കരിക്കുന്നതിനായി 5 വർഷത്തെ എ.എം.സി. അടിസ്ഥാനത്തിൽ ത്രൈപാർട്ടി കരാർ വ്യവസ്ഥയിൽ കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിച്ചുകൊണ്ട് ഒരു യൂണിറ്റുണ്ടാക്കിയിട്ടുണ്ടെന്നും ആയതിലൂടെ കുടുംബശ്രീക്ക് ഒരു നിശ്ചിത വരുമാനം ഉണ്ടാകുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ എയ്റോബിക് ബിൻ സ്ഥാപിച്ചതിലൂടെ നഗരസഭ 11.2 ടൺ മാലിന്യം സംസ്കരിക്കുന്നുണ്ട്. നഗരസഭയുടെ മൊത്തം മാലിന്യത്തിന്റെ 19%മാണിതെന്നും പൈപ്പ് കമ്പോസ്റ്റ് വഴി 1.70 ടൺ മാലിന്യം സംസ്കരിക്കുന്നുണ്ടെന്നും നഗരമാലിന്യത്തിന്റെ ഒരു ശതമാനത്തോളം വരുന്ന 6.58 ടൺ ബയോമെഡിക്കൽ വേസ്റ്റ് ഇമേജ് വഴി പ്രോസസ്സ് ചെയ്യുന്നുണ്ടെന്നും, മറ്റുള്ള സ്ഥലങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ഉല്പാദിക്കപ്പെടുന്ന 19.16 ടൺ ഭക്ഷണ മാലിന്യങ്ങൾ സ്വകാര്യ ഏജൻസി വഴി ശേഖരിച്ച് ഫിഷ് ഫാമുകളിലും പിഗ് ഫാമുകളിലും വിതരണം ചെയ്യുന്നുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി തുടർന്നറിയിച്ചു.

ശേഖരിക്കുന്ന മാലിന്യങ്ങൾ ഫിഷ്/പിഗ് ഫാമുകളിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന് ഉറപ്പു വരുത്താറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ആയത് സംബന്ധിച്ച് ക്രോസ് വെരിഫിക്കേഷൻ നടത്താറുണ്ടെന്നും റെക്കോഡാക്കി സൂക്ഷിക്കുന്നുണ്ടെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. നഗരസഭയുടെ നാല് ശതമാനത്തോളം വരുന്ന കെട്ടിട നിർമ്മാണ മാലിന്യങ്ങൾ 2.32 ടണ്ണാണെന്നും വ്യാപാര സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ 3.48 ടൺ ആണെന്നും ഓരോന്നും ഇനം തിരിച്ച് കാറ്റഗറൈസേഷൻ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾ തമ്മിൽ പരസ്പര സഹകരണം കുറവാണെന്ന് മുനിസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇടത്തോടുകളുടെയും മെയിൻ തോടുകളുടെയും ക്ലീനിംഗ് നടത്തുവാൻ ബാദ്ധ്യതപ്പെട്ട ടൂറിസം വകുപ്പിന്റെ കീഴിൽ വരുന്ന കനാൽ മാനേജ്മെന്റ് സൊസൈറ്റി ആ ജോലി ചെയ്യുന്നില്ലെന്നും ടൂറിസ്റ്റുകൾ തോടിന്റെ കരകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് പല തവണ നോട്ടീസ് അയച്ചെങ്കിലും ഫലമുണ്ടായില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു.

ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ള ആലപ്പുഴ ജില്ലയിൽ കൂട്ടായ സംരംഭത്തിലൂടെ മാലിന്യ സംസ്കരണം നടത്തുന്നതിനെപ്പറ്റി ടൂറിസം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണെന്നും, ആലപ്പുഴ ജില്ലയിലെ ടൂറിസ്റ്റ് സെന്ററുകളിൽ എത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് നിശ്ചിത തുക ഈടാക്കി നഗരസഭ സ്ഥലം നൽകുകയാണെങ്കിൽ പ്രസ്തുത തുക ക്ലീനിംഗ് ജോലികൾക്കായി വിനിയോഗിക്കാമെന്നും കൂടാതെ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന റെസ്പോൺസിബിൾ ടൂറിസം പദ്ധതിയിലൂടെ തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്താവുന്നതാണെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

മാലിന്യകൂമ്പാരം ഏറ്റവും കുറവുള്ള നഗരസഭ ആലപ്പുഴ ആണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. റെയിൽവേ സ്റ്റേഷൻ പരിസരത്താണ് ഏറ്റവും കൂടുതൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നതെന്നും സ്റ്റേഷൻ മാസ്റ്ററുമായി കൂടിയാലോചിച്ച് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

നഗരപരിധിയിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മറ്റ് വകുപ്പുകളുമായി സംയുക്ത ശ്രമം ഉണ്ടാകുന്നില്ലെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. ഇത്തരം പ്രവർത്തനങ്ങളിൽ മുനിസിപ്പാലിറ്റി മാത്രം ഇറങ്ങുന്നതിനാലാണ് മറ്റ് ഏജൻസികൾ സഹകരിക്കാത്തതെന്ന് ചൂണ്ടിക്കാട്ടിയ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി, പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടറെ കൂടി ഉൾപ്പെടുത്തണമെന്നും ഡി.പി.സി. സെക്രട്ടറിയായ ജില്ലാ കളക്ടറോട് ആയത് സംബന്ധിച്ച് വിശദമായി ചർച്ച നടത്തി റവന്യൂ-ടൂറിസം വകുപ്പുകളുടെ സഹകരണത്തോടെ മുന്നോട്ട് പോയാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കൂ എന്നും ആയതിനാൽ ജില്ലാ കളക്ടർ വിളിക്കുന്ന യോഗത്തിൽ മുൻസിപ്പാലിറ്റി സെക്രട്ടറി നിർബന്ധമായും പങ്കെടുക്കണമെന്നും അഭിപ്രായപ്പെട്ടു.

## പൊന്നാനി മുനിസിപ്പാലിറ്റി

പൊന്നാനി മുനിസിപ്പാലിറ്റി മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞു. പൊന്നാനി മുനിസിപ്പാലിറ്റിക്ക് 23.32 ച.കി.മീ. വിസ്തൃതിയും, 51 വാർഡുകളും 94000 ജനങ്ങളും ഉണ്ടെന്നും പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. രണ്ട് അഴിമുഖങ്ങൾ, തോടുകൾ, കനോലി കനാൽ, ഭാരതപ്പുഴ എന്നിവ പൊന്നാനി താലൂക്കിൽ ഉൾപ്പെടുന്നുവെന്നും 12 വാർഡുകളിലെ മത്സ്യ തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം മത്സ്യബന്ധനമായതിനാൽ കടലിൽ മാലിന്യം എത്തുന്നത് തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചു വരുന്നതായും ആയതിന്റെ ഫലമായി കഴിഞ്ഞ വർഷം ഒന്നര ടൺ മാലിന്യം ഉണ്ടായിരുന്നത് നിലവിൽ മുക്കാൽ ടൺ ആയി കുറഞ്ഞതായും അദ്ദേഹം തുടർന്നറിയിച്ചു. നിലവിൽ ഐ.ഇ.സി.-യാണ് മാലിന്യ

നിർമ്മാർജ്ജനം നടത്തുന്നത്. മുനിസിപ്പൽ ചെയർമാനും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും അടക്കം എല്ലാ ദിവസവും അയൽക്കൂട്ടങ്ങളിൽ ക്ലാസ്സ് എടുക്കുന്നുണ്ട്. റോഡിൽ മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടാൻ സഹായിക്കുന്നവർക്ക് 2500 രൂപ ഇനാം പ്രഖ്യാപിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും വേസ്റ്റ് നിക്ഷേപിക്കുന്നവരിൽ നിന്നും 5000 രൂപ പിഴയായി ഈടാക്കുകയും അതിൽ നിന്നും 2500 രൂപ വേസ്റ്റ് ഇടുന്നത് കണ്ടെത്തുന്ന ആൾക്ക് നൽകുകയും ചെയ്യുന്നു. പ്രസ്തുത പരിപാടിക്ക് നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്നും പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. കൂടാതെ മുനിസിപ്പാലിറ്റിയിൽ നൈറ്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ടെന്നും മാസം ഏകദേശം 2.8 ലക്ഷം രൂപ കിട്ടുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. മറ്റെല്ലാ കോർപ്പറേഷനുകളും പൊന്നാനി മുനിസിപ്പാലിറ്റിയുടെ മാതൃക പിൻതുടരണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇത്തരത്തിൽ ലഭിക്കുന്ന പണം റീ-ഫണ്ട് ചെയ്യാൻ ബഡ്ജറ്റിൽ പ്രൊവിഷനില്ലായെന്നൊരു സാങ്കേതിക പ്രശ്നമുള്ളതായി പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ കൗൺസിൽ തീരുമാനമെടുത്ത ശേഷം ഇതിനു മാത്രമായി ഒരു അക്കൗണ്ട് സൂക്ഷിക്കുന്നതിന് തടസ്സമില്ലെന്നും ആയതിനായി ഒരു പേജ് മാത്രം വരുന്ന ഒരു ബൈലാ ഉണ്ടാക്കണമെന്നും ബഡ്ജറ്റ് പ്രൊവിഷന്റെ ആവശ്യമില്ലെന്നും തദ്ദേശസ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

കൗൺസിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തെങ്കിലും നിലവിൽ ചട്ടപ്രകാരമുള്ള തുക വളരെ കുറവാണെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി അറിയിച്ചു. നഗരസഭയിൽ 19 ശുചീകരണ തൊഴിലാളികൾ മാത്രമാണുള്ളതെന്നും ചമ്രവട്ടം മുതൽ പൊന്നാനി ഭാഗത്തേയ്ക്കും, കുറ്റിപ്പുറം ഭാഗത്തേയ്ക്കുള്ള ഹൈവേയിലും എല്ലാ ദിവസവും അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നുണ്ടെന്നും വിശദീകരിക്കപ്പെട്ടു. കടകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് ഒരു പ്രത്യേക സമയത്ത് റോഡുകളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത വിഷയം കൗൺസിൽ ചർച്ച ചെയ്യുകയും ജനങ്ങളുടെ പങ്കാളിത്തത്തോടെ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ കഴിയുന്നുണ്ടെന്നും പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങുന്നതിന് സ്ഥലമില്ലെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചപ്പോൾ, നഗരസഭാ ചെയർമാനും സെക്രട്ടറിയും നല്ല ടീമായി പ്രവർത്തിക്കുന്ന നഗരസഭയിൽ നിർബന്ധമായും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങണമെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

കനോലി കനാലിൽ പൊന്നാനി മുതൽ ചാവക്കാട്ട് വരെയുള്ള ഭാഗത്തെ വെള്ളവും, വാട്ടർബോഡിയും ശുചീകരിക്കുന്നതിന് തുടക്കം കുറിച്ചതായും ആയത് സംബന്ധിച്ച് ബഹു. സ്പീക്കറുടെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായെന്നും പ്രിൻസിപ്പൽ സെക്രട്ടറി

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള നടപടികൾ നേരത്തേ തുടങ്ങിയിരുന്നുവെന്നും പദ്ധതിയുടെ ആദ്യഘട്ടം കനോലി കനാലിലേയ്ക്ക് തള്ളി വിടുന്ന മാലിന്യം ഒഴിവാക്കുന്നതിനുള്ള നടപടിയാണെന്നും സമിതി മുമ്പാകെ വിശദമാക്കപ്പെട്ടു 320 വീടുകളിൽ നിന്നുള്ള സെപ്റ്റിക് ടാങ്ക് വേസ്റ്റ് കനാലിലൂടെയാണ് വന്നു കൊണ്ടിരുന്നത്. അതിൽ 200 വീടുകളുടെ സെപ്റ്റിക് ടാങ്കുകളുടെ കുഴൽ അടയ്ക്കുകയും, ടാങ്ക് കൊടുക്കുകയും ചെയ്തു. ഇപ്പോൾ അത് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അടുത്ത പദ്ധതിയിൽ 120 വീടുകളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അടുത്ത വർഷം കനാൽ വൃത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അതിനായി പരസരവാസികളെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർത്ത് വിഷയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതായും പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

## പാലക്കാട് മുനിസിപ്പാലിറ്റി

മാലിന്യനിർമ്മാർജ്ജനത്തിനായി പാലക്കാട് മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന്, പാലക്കാട് മുനിസിപ്പാലിറ്റിയിൽ 26.6 ച.കി.മീറ്ററിൽ 52 വാർഡുകളാണുള്ളതെന്നും 1.384 ലക്ഷം ജനസംഖ്യയുണ്ടെന്നും മുനിസിപ്പാലിറ്റിയിലെ 235 ശുചീകരണ തൊഴിലാളികളും 18 കുടുംബശ്രീകളും ചേർന്നാണ് മാലിന്യം നീക്കം ചെയ്യുന്നതെന്നും ഇത്തരം മാലിന്യങ്ങൾ പ്രോസസ് ചെയ്ത് വളമാക്കി മാറ്റി കിലോഗ്രാമിന് 3 രൂപ നിരക്കിൽ കർഷകർക്ക് കൊടുക്കുന്നതായും ഒരു ദിവസം 40 ടൺ വളം ഉണ്ടാക്കുന്നുണ്ടെന്നും പാലക്കാട് മുനിസിപ്പാലിറ്റി ഹെൽത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

ജൂൺ 5-ാം തീയതി മാലിന്യനിക്ഷേപം ഉള്ള 36 സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് പൂന്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് രണ്ടാഴ്ച്ചയ്ക്കകം പ്രവർത്തന സജ്ജമാകുമെന്നും 2017 സെപ്റ്റംബർ 1 മുതൽ 100% വീടുകളിലും മാലിന്യം സംസ്കരി ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന്റെ ഭാഗമായി ഏപ്രിൽ 8, 9, 10 തീയതികളിൽ എക്സിബിഷൻ നടത്തി മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വ്യത്യസ്തങ്ങളായ രീതികൾ ആളുകൾക്ക് കാണിച്ചുകൊടുത്തെന്നും ഹെൽത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) വിശദമാക്കി. പാലക്കാട് മുനിസിപ്പാലിറ്റിയിൽ മാലിന്യസംസ്കരണം നല്ല രീതിയിൽ നടക്കുന്നുണ്ടെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

മുനിസിപ്പാലിറ്റിയിൽ ഡെങ്കിപ്പനി ബാധിച്ച് എത്രപേർ മരിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞതിന്, പാലക്കാട് മുനിസിപ്പാലിറ്റിയിൽ 147 പേർക്ക് ഡെങ്കിപ്പനി ബാധിച്ചെന്നും അതിൽ ഒരാൾ മരിച്ചുവെന്നും എച്ച്1 എൻ1 ബാധിച്ച് രണ്ട് മരണങ്ങളുണ്ടായെന്നും

മുനിസിപ്പാലിറ്റി ഹെൽത്ത് സെക്രട്ടറി അറിയിച്ചു

## ഗുരുവായൂർ മുനിസിപ്പാലിറ്റി

മാലിന്യ നിർമ്മാർജ്ജനത്തിനായി ഗുരുവായൂർ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് സമിതി ആരാഞ്ഞതിന്, 29.66 ച.കി. മീ. വിസ്തൃതിയുള്ള മുനിസിപ്പാലിറ്റിയിൽ 43 വാർഡുകൾ ഉണ്ടെന്നും 4 കളക്ഷൻ സെന്ററുകളിലൂടെ ആഴ്ചയിൽ ഒരിക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുവെന്നും നഗരത്തിൽ നാലിടങ്ങളിലായി തുമ്പൂർമുഴി മാതൃകയിൽ സ്ഥാപിച്ച പ്ലാന്റുകളിൽ മാലിന്യം സംസ്കരിക്കുന്നുണ്ടെന്നും ഗുരുവായൂർ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

ഗുരുവായൂർ നഗരത്തിൽ ആളുകൾ കൂടുതലായി വന്നുപോകുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന് പരീക്ഷണങ്ങൾ നടത്തുന്നതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ആയതുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി.)റുമായി കരാർ വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

ഗുരുവായൂരിൽ 19 കല്യാണമണ്ഡപങ്ങളിലായി ദിവസേന 300 കല്യാണങ്ങൾ വരെ നടക്കാറുണ്ടെന്നും ഇവിടെയെല്ലാം ഇലയിലാണ് സദ്യ വിളമ്പുന്നതെന്നും ഗുരുവായൂർ അമ്പലത്തിലെ സദ്യ ഊട്ടിന് ഇല നിരോധിച്ചിട്ട് സ്റ്റീൽ പ്ലേറ്റ് ഉപയോഗിക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം അവിടെ അങ്ങിനെ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

ഗുരുവായൂർ നഗരസഭാ പരിധിയിലുള്ള എല്ലാ കല്ല്യാണ മണ്ഡപങ്ങളിലും സദ്യയ്ക്ക് ഇല ഉപയോഗിക്കുന്നതിനുപകരം സ്റ്റീൽ പ്ലേറ്റ് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ച് അടിയന്തര നോട്ടീസ് നൽകണമെന്നും ആഗസ്റ്റ് 8-ാം തീയതി മുതൽ ഇത്തരത്തിൽ മാറ്റമുണ്ടാകണമെന്നും ഉത്തരവ് നടപ്പാക്കാത്തവരിൽ നിന്നും വലിയ തുക ഫൈൻ ആയി ഈടാക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## തലശ്ശേരി മുനിസിപ്പാലിറ്റി

മാലിന്യ നിർമ്മാർജ്ജനത്തിനായി തലശ്ശേരി മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന സമിതിയുടെ ചോദ്യത്തിന്, 23.98 ച.കി.മീ. വിസ്തൃതിയുള്ള തലശ്ശേരി മുനിസിപ്പാലിറ്റിയിൽ 52 വാർഡുകളാണുള്ളതെന്നും അവിടത്തെ ജനസംഖ്യ 92558 ആണെന്നും വീടുകളിൽ നിന്നുള്ളത് ഉൾപ്പെടെ 23 ടണ്ണോളം മാലിന്യം ഉണ്ടാകുന്നുണ്ടെന്നും മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം നഗരസഭയ്ക്ക് ഇല്ലാത്തതിനാൽ വീടുകൾ തോറുമുള്ള മാലിന്യശേഖരണം നടക്കുന്നില്ലെന്നും തലശ്ശേരി നഗരസഭാ സെക്രട്ടറി അറിയിച്ചു. സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും ഇല്ലെന്നും, അതിനുള്ള സ്ഥലം കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും നഗരസഭ സെക്രട്ടറി കൂട്ടിച്ചേർത്തു.

ഏറ്റവും ചരിത്രപ്രാധാന്യവും സാംസ്കാരിക പ്രാധാന്യവും ഉള്ള മുനിസിപ്പാലിറ്റി യാണിതെന്നും അവിടെ കോടതി പരിസരത്തുള്ള പാർക്കിൽ തന്നെ ധാരാളം മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ അതൊന്നും ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചത്.

ആലപ്പുഴ നഗരസഭാ സെക്രട്ടറിയുമായി ബന്ധപ്പെട്ട് തലശ്ശേരി ടൗണിലും തുമ്പൂർമുഴി മോഡൽ പ്ലാന്റ് സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി വിശകലനം നടത്തി ചില നിഗമന ങ്ങളിലെത്തുകയും ആയതനുസരിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഒന്നാമതായി, കേരളത്തിലാകെ 93 നഗരസഭകളുടെയും ഇപ്പോഴത്തെ വേസ്റ്റിന്റെ പ്രൊഫൈലും അളവ് സംബന്ധിച്ച കാര്യങ്ങളും നഗരകാര്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് ശേഖരിച്ച് ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ കൊടുക്കണമെന്നും കൂടാതെ ആലപ്പുഴ മുനിസിപ്പാലിറ്റി ചെയ്തിട്ടുള്ള അനുകരണീയമായ മാതൃകകളും വെബ്സൈറ്റിലിടണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

മാലിന്യ സംസ്കരണത്തിനുവേണ്ടി ഒരു സർവ്വകക്ഷി യോഗം വിളിക്കണമെന്നും കോർപ്പറേഷനുകളിലും വലിയ നഗരസഭകളിലുമെങ്കിലും കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ശുചിത്വ മിഷനിൽ ഇപ്പോൾ തുമ്പൂർമുഴി മോഡൽ മാത്രമാണുള്ളതെന്ന് ചൂണ്ടിക്കാട്ടിയ പ്രിൻസിപ്പൽ സെക്രട്ടറി, വീടുകളിൽ വികേന്ദ്രീകൃത സംസ്കരണം ആകുന്നതിൽ തെറ്റില്ലെന്നും കൂട്ടിച്ചേർത്തു.

തിരുവനന്തപുരത്തെയും കോഴിക്കോട്ടേയും തൃശ്ശൂരിലെയും പ്ലാന്റുകളെല്ലാം നഗരസഭ തന്നെ കൈകാര്യം ചെയ്തപ്പോൾ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.പി.പി. മാതൃകയിൽ വീടുകളിൽ നിന്നും മറ്റുറവിടങ്ങളിൽ നിന്നും വേർതിരിച്ച മാലിന്യം ശേഖരിക്കുന്നതു മുതൽ പ്രോസസ്സ് ചെയ്യുകയും ആയതിന്റെ ഔട്ട്പുട്ട് ശാസ്ത്രീയമായി തെളിയിക്കുന്ന സാങ്കേതികവിദ്യയുള്ള സംവിധാനം പി.പി.പി. മോഡലിൽ ചെയ്യുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണെന്നും നിർദ്ദേശമുണ്ടായി.

ബ്രഹ്മപുരം മാതൃകയിലല്ലാതെ ഗ്ലോബൽ ടെണ്ടറിലൂടെ നിക്ഷേപകർ വരികയും മാലിന്യസംസ്കരണത്തിനുള്ള ഭൂമി കൊടുത്തുകൊണ്ട് നഗരസഭ ശേഖരിക്കുന്ന മാലിന്യത്തിന് ആനുപാതികമായി ടിപ്പിംഗ് ഫീ കൊടുക്കുന്ന സംവിധാനമുണ്ടെന്നും ഇങ്ങനെ ചെയ്താൽ ട്രാൻസ്പോർട്ടേഷനുവേണ്ടി മുടക്കുന്ന തുക ലാഭിക്കുകയും തൊഴിലാളികളുടെ എണ്ണം കുറയ്ക്കുകയും ചെയ്യാമെന്നും, ഇതൊരു ബിസിനസ് മോഡലായി കോസ്റ്റ് ഇഫക്ടീവായി ചെയ്യാൻ കഴിയുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആറു കോർപ്പറേഷനുകളിലെയും ജില്ലാ ആസ്ഥാനത്തും പൊന്നാനി, തലശ്ശേരി, ഗുരുവായൂർ,

പാലക്കാട് പോലെ 80000-ന് മുകളിൽ ജനസംഖ്യയുള്ള സ്ഥലങ്ങളിലും കേന്ദ്രീകൃത പ്ലാന്റ് കൂടി സ്ഥാപിക്കേണ്ടതാണ്. തിരുവനന്തപുരം നഗരസഭയ്ക്ക് പട്ടണത്തിൽ ഭൂമി കിട്ടാത്തതിനാൽ കിഴക്കൻ മേഖലയിലുള്ള സർക്കാർ കയ്യൊഴിഞ്ഞ എസ്റ്റേറ്റുകളിൽ നിന്നും തൊഴിൽ വകുപ്പുമായി ചേർന്ന് 100 ഏക്കർ സ്ഥലം കണ്ടെത്തി നഗരസഭയ്ക്ക് കൊടുത്താൽ പ്രശ്നം പരിഹരിക്കാനാകും.

പൈറോളിസിസ് പ്രോജക്ടിനെക്കുറിച്ചും പൈറോളിസിസ് പ്ലാസ്മ ഗ്യാസിഫിക്കേഷനെ കുറിച്ചും ഖരമാലിന്യ സംസ്കരണ നിയമം 2016-ൽ പറയുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ 800 കോടിയോളം രൂപ വേണ്ടിവരുമെന്നതിനാലാണ് ഇതിനെ എതിർക്കുന്നത്. വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം മാത്രമല്ല തെരുവ് വൃത്തിയാക്കൽ ഉൾപ്പെടെയുള്ളവ ഇവർ ഏറ്റെടുക്കുകയും അവർ കൊണ്ടുവരുന്ന മാലിന്യത്തിന് ആനുപാതികമായി തുക കൊടുക്കുകയും ചെയ്യണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. സുൽത്താൻ ബത്തേരിയിൽ ഒരു ടണ്ണിന് 1500 രൂപയാണ് ടിപ്പിംഗ് ഫീ കൊടുക്കുന്നത്. ഇടത്തരം നഗരസഭകളിൽ സുൽത്താൻ ബത്തേരി മാതൃക വിജയിക്കുകയാണെങ്കിൽ പി.പി.പി. മോഡൽ അവിടെയും ചെയ്യാൻ സാധിക്കും.

93 നഗരസഭകളുടെ കണക്കെടുത്തപ്പോൾ 40-ൽ കൂടുതൽ നഗരങ്ങൾ ഗ്രാമീണ മേഖലയുമായി ചുറ്റപ്പെട്ടുകിടക്കുന്നതായി കാണാൻ കഴിഞ്ഞു. കൃഷി നന്നായി നടക്കുന്ന സ്ഥലങ്ങളായതിനാൽ മാലിന്യങ്ങൾ തരം തിരിച്ച് ഫ്രഷായി നൽകിയാൽ കൃഷി സ്ഥലത്ത് തന്നെ കമ്പോസ്റ്റ് ചെയ്യിക്കാം. കുറെ സ്ഥലങ്ങളിൽ കുടുംബശ്രീ ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകളും ഇതേറ്റെടുക്കുവാൻ മുന്നോട്ട് വന്നിട്ടുണ്ട്.

പല നഗരസഭകളിലെയും മാലിന്യം ശേഖരിക്കൽ, പ്രോസസിംഗ്, വിൽക്കൽ എന്നിവയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. ഡി.യു.എ.-യുടെ നേതൃത്വത്തിൽ 93 നഗരങ്ങളുടെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കോസ്റ്റ് ഓഡിറ്റിംഗ് ആവശ്യമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മാലിന്യ സംസ്കരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ കൂടി കൊണ്ടുവരേണ്ട ആവശ്യകതയെപ്പറ്റി പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. മാലിന്യ നീക്കത്തിന് എൻ.ജി.ഒ.-കളെ മാത്രം നിയോഗിക്കുന്ന പ്രവണത അവസാനിപ്പിച്ച് എഞ്ചിനീയറിംഗ്, എൻവയോൺമെന്റ്, ലൈഫ് സയൻസ് എന്നിവയിൽ സാങ്കേതിക വിദ്യാഭ്യാസം ഉള്ളവരെ ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിച്ചാൽ അവർക്ക് നല്ല ബിസിനസ് മോഡൽ ഉണ്ടാക്കാൻ സാധിക്കുമെന്നും അങ്ങനെ വരുന്നവരെ അഞ്ച് വർഷത്തേയ്ക്ക് തൊഴിൽ നിയമത്തിൽ

നിന്നും ഒഴിവാക്കി കൊടുക്കണമെന്നും വ്യവസായത്തിന് 25% സബ്സിഡി നൽകുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു

ക്രൗഡ് ഫണ്ടിംഗ് പോലുള്ള നവീന സംവിധാനങ്ങളിലൂടെ നമ്മുടെ നാടിനെ മാലിന്യമുക്തമാക്കാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. വിദേശത്തും സ്വദേശത്തും ജോലി ചെയ്യുന്ന വിദഗ്ധരായ ആളുകളെ ഉൾപ്പെടുത്തുകയും അവർ നൂറിന്റെയോ ആയിരത്തിന്റെയോ മൾട്ടിപ്പിൾസായി പലിശയില്ലാതെ പണം നിക്ഷേപിക്കുകയും പ്രസ്തുത പണം നമ്മുടെ നാടിന്റെ വൃത്തിക്കായി ഉപയോഗിക്കുകയും ചെയ്യാം. ഇക്കാര്യത്തിൽ ഒരു ബൈലാ തയ്യാറാക്കിയാൽ ആളുകൾക്ക് അഞ്ചു വർഷം കഴിഞ്ഞാൽ പണം തിരികെ നൽകാം.

പനി പിടിച്ച് ആളുകൾ കിടക്കുമ്പോൾ ജനം കുറ്റപ്പെടുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. ആശുപത്രികളുടെ ശുചീകരണത്തിന് നമ്മൾ മുന്നിട്ട് ഇറങ്ങണം. ആയതിനാൽ ജില്ലയിലുള്ള മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി തുടങ്ങിയവയിൽ ശുചിത്വം ഉണ്ടാക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, പ്ലാസ്റ്റിക് വേർതിരിക്കൽ എന്നിവ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തു കൊടുക്കണം. ആശുപത്രി മാലിന്യങ്ങൾ അവിടെ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മാലിന്യസംസ്കരണം സംബന്ധിച്ച പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 93 നഗരസഭകളെയും രണ്ടോ മൂന്നോ കാറ്റഗറിയായി തിരിച്ച് യോഗം വിളിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. 6 കോർപ്പറേഷനുകളും ജില്ലാ ആസ്ഥാനത്തെ മുനിസിപ്പാലിറ്റികളും ഒരു ലക്ഷത്തിന് മുകളിലോ അതിനടുത്തോ ജനസംഖ്യയുള്ളത്, പൊന്നാനി, ഗുരുവായൂർ, ആലപ്പുഴ, വൈക്കം, ചേർത്തല തുടങ്ങി വെള്ളക്കെട്ടുള്ള നഗരസഭകൾ, 80000-ന് താഴെ ജനസംഖ്യയുള്ള ഇടത്തരം നഗരസഭകൾ, ചങ്ങനാശ്ശേരി, തിരൂരങ്ങാടി തുടങ്ങി ബ്രൈലാന്റ് ഏരിയ കൂടുതലുള്ളവ, ചുറ്റുവട്ടത്ത് നല്ല ഗ്രാമീണ മേഖലയുള്ള നഗരസഭകൾ എന്നിങ്ങനെ പ്രത്യേകമായി വിളിച്ചാൽ അവരവർക്ക് ഒരുക്കേണ്ട പൊതുവായ രീതികളെക്കുറിച്ച് ചിന്തിക്കാനും നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

ടൂറിസം, വ്യവസായം, വൈദ്യുതി, തൊഴിൽ എന്നീ വകുപ്പുമന്ത്രിമാരുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെയും ഒരു യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയുന്നവരെ കയ്യോടെ പിടികൂടുന്നതിനും വലിയ പിഴ ഈടാക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കണമെന്നും, ഇതിന് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ഇടപെടൽ ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു

സംസ്ഥാനത്തെ അറവുശാലകളിലെ മാലിന്യം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികളെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നും ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൻകിട ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന സൂപ്പർമാർക്കറ്റുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ തന്നെ പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ചെടുത്ത് റീ-സൈക്കിൾ ചെയ്യുന്നതിന് അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമായ ബൈലോ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ട്യൂബ് ലൈറ്റ്, സി.എഫ്. ലാമ്പ്, സാധാരണ ബൾബുകൾ, എൽ. ഇ. ഡി. ലാമ്പ്, ഇലക്ട്രോണിക് പാഴ് വസ്തുക്കൾ എന്നിവ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങൾ തന്നെ ഉപയോഗ രഹിതമാകുന്ന അത്തരം ലാമ്പുകളും മറ്റ് ഇലക്ട്രോണിക്സ് പാഴ് വസ്തുക്കളും തിരികെ എടുക്കുന്നതിനും അവർ തന്നെ അത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമെങ്കിൽ കേന്ദ്ര നിയമത്തിന്റെ (EPR-Extended Producer Responsibility) ചുവടുപിടിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മലിനജല സംസ്കരണത്തിനുള്ള സ്വീവറേജ് സംവിധാനം തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തി. എല്ലാ കോർപ്പറേഷൻ പ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. കക്കൂസ് മാലിന്യം പുഴകളിലേക്കും ജലാശയങ്ങളിലേക്കും ഓടകളിലേക്കും തുറന്നുവിടുന്ന രീതി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കണ്ടുവരുന്നതും ഗുരുതരമായ ആരോഗ്യ, പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു വലിയ വിപത്തായി മാറിയിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി ഇതിന് ഒരു പരിഹാരമെന്ന നിലയിൽ സ്വീവറേജ് സംവിധാനം നിലവിലില്ലാത്ത എല്ലാ നഗരപ്രദേശങ്ങളിലും വികേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കണമെന്നും ബിൽഡിംഗ് പെർമിറ്റ് നൽകുമ്പോൾ അക്കാര്യം നിഷ്കർഷിക്കണമെന്നും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. കൂടാതെ എല്ലാ അപ്പാർട്ടുമെന്റ്

സമുച്ചയങ്ങളിലും Stand Alone Sewerage Treatment Plant (STP) നിർബന്ധമാക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അടിയന്തര ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികളും അതുപോലെ പൊതുജനങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ഇട്ട് കത്തിക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതിനുള്ള നടപടികളെ കുറിച്ച് ആലോചിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നഗരസ്വഭാവം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തി അവിടത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിന് അനുയോജ്യമായതും കൂടുതൽ കാര്യക്ഷമവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന സജീവമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതായ നടപടികളും ശുപാർശകളും ഉൾപ്പെടുത്തിക്കൊണ്ടുള്ളതുമായ ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി അടുത്ത സഭാ സമ്മേളനത്തിൽ സമർപ്പിക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റിനോട് സമിതി നിർദ്ദേശിച്ചു.

2. 2017 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സമിതി ചെയർമാൻ നന്ദി രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6.00 മണിയ്ക്ക് പിരിഞ്ഞു.

## 16-8-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2017 ആഗസ്റ്റ് മാസം 16-ാം തീയതി ബുധനാഴ്ച സഭപിരിഞ്ഞ ശേഷം രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ ബില്ലിന്റെ ചുമതലയുള്ള അംഗവും പട്ടികജാതി-പട്ടികവർഗ്ഗ

പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനിൽ അക്കര
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. കെ. ബാബു
6. ശ്രീ. കെ. എസ്. ശബരീനാഥൻ
7. ശ്രീ. പി. ഉബൈദുള്ള
8. ശ്രീ. ഇ. കെ. വിജയൻ .

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി .

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾക്ക് ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യം നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് പരിഗണിക്കുന്നതിനായി 22-8-17-ന് സമിതി യോഗം ചേരുവാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.15-ന് പിരിഞ്ഞു.

## 22-8-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 22-8-2017 ചൊവ്വാഴ്ച സഭ പിരിഞ്ഞശേഷം ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ TV-A' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. ഇ. കെ. വിജയൻ .

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

സമിതി, 'സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും, മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് പരിഗണിക്കുകയും ചുവടെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 7-ൽ അഞ്ചാമത്തെ വരിയിൽ പറഞ്ഞിരിക്കുന്ന ഷ്രെഡിംഗ് സ്ഥാപനത്തിന്' എന്നതിനു പകരം 'ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന്' എന്ന് തിരുത്തുവാനും ഖണ്ഡിക 11-ൽ ആദ്യത്തെ വരിയിൽ 'തിരുവനന്തപുരം കോർപ്പറേഷൻ' എന്നത് ഒഴിവാക്കി പകരം 'സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും' എന്നാക്കി മാറ്റുവാനും ഖണ്ഡിക 17-ൽ 'ടൂറിസത്തിന് വൻ സാദ്ധ്യതയുള്ള കൊല്ലം, ആലപ്പുഴ പോലെയുള്ള ജില്ലകളിൽ എന്നത് ഒഴിവാക്കി

"ടൂറിസത്തിന് വൻസാദ്ധ്യതയുള്ള സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും" എന്ന് ചേർക്കുവാനും പ്രസ്തുത ഖണ്ഡികയിലെ 4-ാമത്തെ വരിയിൽ "ബോധവാൻമാരാക്കുന്നതിന്" എന്നതിന് പകരം "ബോധവാൻമാരാക്കുവാൻ" എന്ന് ചേർക്കുവാനും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 23-ന്റെ അവസാന ഭാഗത്ത് "കൂടാതെ സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത, സംസ്ഥാനത്തെ എല്ലാ കല്യാണമണ്ഡപങ്ങളും ഒരു നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സ്വന്തമായി അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്ന വാചകം കൂടി ചേർക്കാനും ഖണ്ഡിക 36-ൽ രണ്ടാമത്തെ വരിയിൽ പറഞ്ഞിരിക്കുന്ന "മറ്റ് കോർപ്പറേഷൻ പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം" എന്നത് ഒഴിവാക്കി പകരം "മറ്റ് കോർപ്പറേഷൻ പ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും സ്വീവറേജ് സംവിധാനം" എന്ന് മാറ്റം വരുത്തുവാനും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.

## 19-10-2017 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 ഒക്ടോബർ മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അനിൽ അക്കര
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. പി. ഉബൈദുള്ള .

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ & ന്യൂനപക്ഷക്ഷേമ വകുപ്പ്
2. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്
3. ശ്രീ. എസ്. വെങ്കിടേശപതി, ഡയറക്ടർ, മത്സ്യ ബന്ധന വകുപ്പ്
4. ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
5. ശ്രീ. രാജീവ് കാരിയിൽ , ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്
6. ശ്രീ. രാധാകൃഷ്ണൻ നായർ, ഡി., സീനിയർ ഫിനാൻസ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ്.

സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ഭവന നിർമ്മാണ വകുപ്പ്

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 3, 4, 10, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 2, 11, 12, 13, 15, 16, 17, 18 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 4-ലെ (2216-80-101-99-നിർമ്മിതി കേന്ദ്രങ്ങൾ) ശിപാർശയിൻമേലുളള നടപടി സ്റ്റേറ്റ്മെൻറ് പരിഗണിച്ച വേളയിൽ, കെട്ടിട നിർമ്മാണ ചട്ടത്തിലെ വ്യവസ്ഥ അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നിർമ്മാതാക്കൾ കെട്ടിടനിർമ്മാണ ക്ഷേമനിധിയിലേയ്ക്ക് ചട്ടപ്രകാരമുള്ള തുക ഒടുക്കുന്നതു പോലെ പഞ്ചായത്തും മറ്റ് സർക്കാർ സംവിധാനങ്ങളും ക്ഷേമനിധി വിഹിതം ഒടുക്കുന്നുണ്ടെന്നും എന്നാൽ നിർമ്മിതി കേന്ദ്രത്തിലെ ഉദ്യോഗസ്ഥർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹതയോ ക്ഷേമനിധി അംഗത്വം ലഭിക്കുകയോ ചെയ്യുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർക്ക് കൂടി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗത്തിൽ ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറി ഹാജരാകാതിരുന്നതിലും പ്രസ്തുത വിവരം സമിതിയെ മുൻകൂട്ടി അറിയിക്കാതിരുന്നതിലും സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇക്കാര്യം ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറിയെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുമ്പോൾ വളരെ ദീർഘവത്തോടെയുള്ള മറുപടി ലഭ്യമാക്കുന്ന ഭവന നിർമ്മാണ വകുപ്പിന്റെ നടപടി സമിതിയോടുള്ള അനാദരവായി സമിതി കാണുകയും ആയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ചട്ടം അനുശാസിക്കും പ്രകാരം നടപടി സ്റ്റേറ്റ്മെന്റുകൾ സമയ ബന്ധിതമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ ഇതുവരെ ലഭ്യമാക്കാത്ത 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## മത്സ്യബന്ധന തുറമുഖ വകുപ്പ്

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 22-ാം ഖണ്ഡികയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിശോധിച്ച സമിതി, ഇത് സംബന്ധിച്ച് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ നൽകിയ വിശദീകരണത്തിൽ 490 മത്സ്യത്തൊഴിലാളി അംഗങ്ങൾക്ക് 40 പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന നിർമ്മാണത്തിനായി 7,92,67,338 രൂപ വായ്പയായി അനുവദിച്ചിരുന്നെന്നും സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരും മത്സ്യഫെഡും ചേർന്നാണ് പ്രസ്തുത തുക ഹഡ്കോയ്ക്ക് കൈമാറിയതെന്നും പ്രസ്തുത ശിപാർശ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖാന്തരം കമ്മീഷന്റെ ശിപാർശയായി സർക്കാരിന് സമർപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഇക്കാര്യം ബോദ്ധ്യപ്പെട്ട സമിതി, മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ പദ്ധതി എഴുതിത്തള്ളിയതുവഴി പ്രാഥമിക സഹകരണസംഘങ്ങൾക്കുണ്ടായ ബാധ്യത ലഘൂകരിക്കുന്നതിന് 7 കോടി രൂപ അനുവദിക്കുന്നത്, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശ കളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ നഗര വികസന വകുപ്പുമായി ബന്ധപ്പെട്ട് 1 മുതൽ 12 വരെയും പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട 13, 14, 15, 25, 26, 27 എന്നീ ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 27 ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 45 മുതൽ 49 വരെയുള്ള ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി 2017 ഡിസംബർ മാസം 7-ാം തീയതി മുതൽ 13-ാം തീയതി വരെ നടത്തുവാൻ നിശ്ചയിച്ചിരുന്ന അഖിലേന്ത്യ പഠന പര്യടന പരിപാടി ഡിസംബർ 11-ാം തീയതി വരെയാക്കി നിജപ്പെടുത്താൻ തീരുമാനിച്ചു.

സമിതി യോഗം 11.45-ന് പിരിഞ്ഞു.

## 11-1-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റി, 2018 ജനുവരി മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. എസ്. ശബരീനാഥൻ
4. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി നിഷ എസ്., ഡയറക്ടർ കുടുംബശ്രീ മിഷൻ
3. ശ്രീ. ആർ. എ. ഹിൽക് രാജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്.

കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടം സംബന്ധിച്ച് സർക്കാരിൽനിന്നും ലഭ്യമായ കുറിപ്പ് സമിതി പരിഗണിച്ചു.

സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളുടെയും കാർമ്മികത്വം ഇപ്പോൾ കുടുംബശ്രീയിലൂടെയാണ് നടത്തപ്പെടുന്നതെന്നും 20 വർഷം മുമ്പ് ആരംഭിച്ച പദ്ധതി യാണിതെന്നും ആരംഭിച്ച കാലത്ത് സമൂഹത്തിലെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയിലുള്ളവർ മാത്രമായിരുന്നു അംഗങ്ങളായി ഉണ്ടായിരുന്നതെന്നും ഇപ്പോഴുള്ള ഭൂരിഭാഗം കുടുംബശ്രീ അംഗങ്ങളും 10-ാം ക്ലാസ്സ് വരെ മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ളവരാണെന്നും അതുകൊണ്ടുതന്നെ പല നൂതന പദ്ധതികളും ആരംഭിക്കാൻ സാധിക്കുന്നില്ലെന്നും ചെയർമാൻ ആമുഖമായി അറിയിച്ചു. ആയതിനാൽ, കുടുംബശ്രീയിൽ വിദ്യാഭ്യാസമുള്ള അംഗങ്ങളുടെ അഭാവം ഇല്ലാതാക്കാൻ ഒരു കുടുംബത്തിൽനിന്ന് അഭ്യസ്തവിദ്യരായ പുതിയ തലമുറയിൽപ്പെട്ട ഒരാളെയെങ്കിലുംകൂടി കുടുംബശ്രീയിൽ അംഗമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി.

കുടുംബശ്രീയുടെ പുതിയ പദ്ധതികൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കുടുംബശ്രീ മിഷനും ഹരിത കേരള മിഷനും ശുചിത്വ മിഷനും തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിത കർമ്മസേന എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും ഓരോ വാർഡിൽനിന്നും രണ്ട് അംഗങ്ങൾ അടങ്ങുന്ന ടീമാണിതെന്നും ആയതിന്റെ പ്രവർത്തനച്ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പരിശീലനം കുടുംബശ്രീ മിഷൻ നടത്തുമെന്നും കുടുംബശ്രീ മിഷൻ ഡയറക്ടർ അറിയിച്ചു. സംരംഭകർക്ക് കുറഞ്ഞ ചെലവിൽ മെഷീനറികളും മറ്റ് സർവ്വീസുകളും ഉപയോഗപ്പെടുത്തുന്നതിനായി കോമൺ ഫെസിലിറ്റി സെന്റർ രൂപീകരിക്കുന്നുണ്ടെന്നും കയർ യൂണിറ്റുകൾ, കാന്റീൻ, ആർ.ഒ.പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്ക് വേണ്ട കെട്ടിടങ്ങളും മറ്റും കോമൺ ഫെസിലിറ്റി സെന്റർ നൽകുമെന്നും കുടുംബശ്രീ മിഷൻ ഡയറക്ടർ തുടർന്നറിയിച്ചു.

കേരളത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എത്ര അനിമൽ ബെർത്ത് കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, അഞ്ച് ജില്ലകളിലായി 216 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അത്തരം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ മിഷൻ ഡയറക്ടർ അറിയിച്ചു. കുടുംബശ്രീ മിഷന്റെ ജില്ലാ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി തുക കൈമാറിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് 8400 തെരുവ് നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അറിയിച്ചു മലപ്പുറം ജില്ലയിൽ ഒരു നോൺ ഗവൺമെന്റൽ ഓർഗനൈസേഷനാണ് (എൻ.ജി.ഒ.) തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നതെന്നും ഒരു നായയ്ക്ക് 1900 രൂപ നിരക്കിലാണ് തുക നൽകുന്നതെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി അദ്ദേഹം കൂട്ടിച്ചേർത്തു.

സർക്കാർ സംവിധാനത്തെ മാത്രം ആശ്രയിച്ച് ചെയ്യാൻ കഴിയുന്ന ഒന്നല്ല പ്രസ്തുത പദ്ധതിയെന്നും അതിനാൽതന്നെ മറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാട്ടി. സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന അഗതി രഹിത കേരളം പദ്ധതിയുടെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും 817 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു.

ഓരോ പഞ്ചായത്തിലും ഒന്ന് എന്ന നിലയിൽ 200 ബഡ്സ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി, നിലവിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് ആരാഞ്ഞതിന് 26 എണ്ണം പ്രവർത്തനം ആരംഭിച്ചതായി കുടുംബശ്രീ മിഷൻ ഡയറക്ടർ അറിയിച്ചു. അവശേഷിക്കുന്നവ ആരംഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്നും, ഫെബ്രുവരി 1-ന് മുമ്പ് താല്ക്കാലികമായി വാടക കെട്ടിടത്തിൽ എങ്കിലും ബഡ്സ് സ്കൂൾ ആരംഭിക്കണമെന്നും അല്ലെങ്കിൽ താല്പര്യമുള്ള മറ്റ് പഞ്ചായത്തുകളിലേയ്ക്ക് മാറ്റി കൊടുക്കുമെന്നുമുള്ള സന്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കണമെന്നും സമിതി കുടുംബശ്രീ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

ഒരു പഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന 100-ൽ കൂടുതൽ കുട്ടികൾ ഉള്ളതായി ഏറ്റവും അവസാനത്തെ സർവ്വേ റിപ്പോർട്ടുകൾ വെളിവാക്കുന്നതായി സമിതി വിലയിരുത്തി. വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് സർക്കാർ എൽ.പി./യു.പി. സ്കൂൾ കോമ്പൗണ്ടുകളിൽത്തന്നെ ബഡ്സ് സ്കൂളുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കുടുംബശ്രീ മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഷീ-ലോഡ്ജ് നല്ലൊരു പദ്ധതിയാണെന്ന് സമിതി വിലയിരുത്തി. കുടുംബശ്രീ മിഷൻ 80,000 രൂപയ്ക്ക് കെട്ടിടം വാടകയ്ക്ക് എടുത്ത് നടത്തുന്ന സംരംഭമാണിതെന്നും രണ്ടോ മൂന്നോ ദിവസം താമസിക്കാനുള്ള സൗകര്യം ഉണ്ടാകുമെന്നും 10 പേർ ചേർന്നാണിത് നടത്തുന്നതെന്നും പ്രതിമാസം 15,000 രൂപ വരുമാനം ലഭിക്കുന്നുണ്ടെന്നും 93 നഗര കേന്ദ്രങ്ങളിലും ഷീ ലോഡ്ജ് സ്ഥാപിക്കുവാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നതായും സമിതി നിരീക്ഷിച്ചു. ഓരോ എം.എൽ.എ.മാരും അവരുടെ മണ്ഡലത്തിൽ ഷീ ഹോമുകളും ഷീ ലോഡ്ജുകളും തുടങ്ങാൻ താല്പര്യമെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള മൊബൈൽ ക്രിമറ്റോറിയം ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ഇതിന്റെ പദ്ധതി ചെലവും മറ്റ് കാര്യങ്ങൾ സംബന്ധിച്ചും വ്യക്തത ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കുടുംബശ്രീയുടെ നിലവിലെ അവസ്ഥ, അതിന്റെ പ്രവർത്തനങ്ങൾ, കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലഭിച്ചു, അതിൽ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചു, എത്ര സ്ത്രീകൾക്ക് ജോലി നൽകാനും വരുമാനം ലഭിക്കുന്നവരാക്കാനും കഴിഞ്ഞു., കുടുംബശ്രീയുടെ പ്രവർത്തനംമൂലം എത്ര സ്ത്രീകൾക്ക് നേട്ടം ലഭിക്കുന്നുണ്ട്, സർക്കാർ എത്ര കോടി രൂപയാണ് അതിന് വേണ്ടി ചെലവഴിക്കുന്നത്, വായ്പയായി കൊടുത്തിട്ടുള്ള തുകയെത്ര, കൊച്ചി മെട്രോ ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾ എത്രയാണ്, സർക്കാരിന്റെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും പിന്തുണ എത്രയാണെന്നും കൂടാതെ നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയിട്ടുള്ള ചോദ്യാവലിക്കുള്ള വ്യക്തമായ മറുപടി തുടങ്ങിയവ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവരോട് ആവശ്യപ്പെട്ടു.

എല്ലാ നിയമസഭാ അംഗങ്ങൾക്കും കുടുംബശ്രീയുടെ പ്രവർത്തനം സംബന്ധിച്ച് അറിവ് ലഭിക്കുന്ന തരത്തിൽ ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കി നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ കുറിപ്പ് (ഫയൽ നമ്പർ 2200/സബ്.സി.ഡി1/14/നി.സെ.)സമിതി പരിഗണിക്കുകയും നാരായണൻ കമ്മീഷൻ റിപ്പോർട്ട് പരിഗണനയിലാണെന്ന പൊതുഭരണ വകുപ്പ് നൽകിയ

മറുപടിയിന്മേൽ നാരായണൻ കമ്മീഷൻ റിപ്പോർട്ടും ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തന ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി എന്ത് ബന്ധമാണുള്ളതെന്നും പ്രസ്തുത റിപ്പോർട്ടുമായി ബന്ധപ്പെട്ട് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ന്യൂനപക്ഷ കമ്മീഷന്റെ ചട്ടം നിലവിൽ വരുന്നതെന്നും, ചട്ടം തയ്യാറാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഏതു ഘട്ടം വരെയായെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 14-2-2018-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനിൽ അക്കര
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. കെ. ബാബു
6. ശ്രീ. കെ. എസ്. ശബരീനാഥൻ
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. പി. ഉബൈദുള്ള
9. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ഡോ. ബി. അശോക്, സെക്രട്ടറി, നഗരകാര്യ വകുപ്പ്
3. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഗ്രാമവികസനം
4. ശ്രീ. കെ. രാമചന്ദ്രൻ, ഗ്രാമവികസന കമ്മീഷണർ,
5. ശ്രീമതി ഹരിത വി കുമാർ, നഗരകാര്യ വകുപ്പ് ഡയറക്ടർ
6. ശ്രീമതി റംലത്ത് പി., ഡയറക്ടർ, കുടുംബശ്രീ മിഷൻ
7. ശ്രീമതി പി. മേരിക്കുട്ടി, പഞ്ചായത്ത് ഡയറക്ടർ
8. ശ്രീ. കെ. രാജേന്ദ്രൻ, ഡയറക്ടർ, (ഓപ്പറേഷൻസ്) ശുചിത്വമിഷൻ
9. ഡോ. മിത്രാ. ടി, എക്സി.ഡയറക്ടർ, ശുചിത്വമിഷൻ
10. ഡോ. അദീല അബ്ദുള്ള, ചീഫ് എക്സി.ഓഫീസർ, ലൈഫ് മിഷൻ
11. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
12. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. ജിജി ജോർജ്ജ്, ചീഫ് ടൗൺ പ്ലാനർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പ്
14. ശ്രീ. ഷാജി ജോസഫ്, ചീഫ് ടൗൺ പ്ലാനർ
15. ശ്രീമതി വി. ജി. യമുനാറാണി, സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ശ്രീ. സജികുമാർ, പി. ആർ., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXII (നഗരവികസനം) XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) XXXV (പഞ്ചായത്ത്) XXXVI (ഗ്രാമവികസനം) XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നീ ധനാഭ്യർത്ഥനകൾ കമ്മിറ്റി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ 2017-ലെ The Kerala Street Vendors (Protection of Livelihood and Regulation of Street Vending) സംബന്ധിച്ച കരട് ചട്ടവും പരിഗണനയ്ക്കെടുത്തു.

ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതി താഴെപ്പറയുന്ന പ്രകാരം ശിപാർശകൾ നൽകാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXII-നഗരവികസനം

1. നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡ് എന്ന് കമ്പനിക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2. നഗരസഭാ ദിനാഘോഷത്തിന്റെ ഭാഗമായി മികച്ച നഗരസഭകളെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നതിനും മുൻവർഷത്തെ സമ്മാന തുകകൾ നൽകുന്നതിനുമായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 1 കോടി 50 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3. നഗരകാര്യ ഡയറക്ടറേറ്റിൽ 2 ജോയിന്റ് ഡയറക്ടർമാർക്കും ഫിനാൻസ് ഓഫീസർക്കും കൂടി ഒരു കാർ മാത്രമാണുള്ളതെന്നും ആയതിന് 10 വർഷത്തെ പഴക്കമുണ്ടെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഒരു പുതിയ വാഹനം വാങ്ങേണ്ടതിലേക്ക് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 30 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4. നഗരകാര്യ ഡയറക്ടറേറ്റിലെ ഫെയർകോപ്പി സെക്ഷൻ ഫർണിഷ് ചെയ്യുന്നതിന് നിലവിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി, 2217-80-800-92 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

5. ശബരിമല തീർത്ഥാടനകാലത്ത് തിരക്കേറുന്ന പന്തളം ഉൾപ്പെടെ തീർത്ഥാടനവുമായി ബന്ധപ്പെട്ട നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2217-05-192-77 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6. നഗരസഭകളിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ നൽകുന്ന ഇനത്തിൽ 250 കോടി രൂപയുടെ ബാധ്യതയുള്ളതായിട്ടും എന്നാൽ ആയതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ 2217-80-001-91 എന്ന ശീർഷകത്തിൽ 100 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

7. നിലവിലുള്ള, പ്രധാനമന്ത്രി ആവാസ് യോജന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 2217-05-191-74 എന്ന ശീർഷകത്തിൽ 160 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

8. പി.എം.എ.വൈ (അർബൻ) പദ്ധതി പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2217-05-192-72 എന്ന ശീർഷകത്തിൽ 640 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

9. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി എല്ലാ ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ തയ്യാറാക്കിയ പദ്ധതിക്ക് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി 2217-05-051-99 ലൈഫ് പാർപ്പിട മിഷൻ (അർബൻ) എന്ന ശീർഷകത്തിൽ 207 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

10. നഗരാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ എല്ലാ കാര്യാലയങ്ങളും പേപ്പർരഹിതമാക്കുന്നതിനും സാങ്കേതിക ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തുടനീളം യാത്ര ചെയ്യുന്നതിന് ഓഫീസ് വാഹനം സജ്ജമാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ 2217-05-001-69 എന്ന ശീർഷകത്തിൽ 10 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

11. മുഖ്യമന്ത്രിയുടെ ഹൈ ഇംപാക്ട് പ്രോജക്ടുകളിൽ ഉൾപ്പെട്ട പാർക്കിംഗ് പോളിസി തയ്യാറാക്കുന്നതിനുള്ള പഠനവും നെൽവയൽ തണ്ണീർത്തട സംരക്ഷണം/വികസനം എന്ന പഠനവും 2018-ഓടെ എല്ലാ കോർപ്പറേഷനുകളിലും പൂർത്തിയാക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2217-05-001-68 എന്ന ശീർഷകത്തിൽ 2 കോടി 6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

12. നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജി.ഐ.എസ്. സംവിധാനം ശക്തിപ്പെടുത്തുക, ജീവനക്കാർക്ക് ജി.ഐ.എസിൽ പരിശീലനം നൽകുക, ആവശ്യമായ സോഫ്റ്റ് വെയർ/ഹാർഡ് വെയർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുക പൊതുജനങ്ങൾക്ക് അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും വ്യവസ്ഥകൾ വീക്ഷിക്കുന്നതിനും അന്വേഷണങ്ങൾ നടത്തുന്നതിനുമായി വെബ് അധിഷ്ഠിത ജി.ഐ.എസ്. ഇടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി അനുവദിച്ചിട്ടുള്ള നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2217-05-800-91 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

13. മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2217-05-001-64 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

14. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലെയും മാസ്റ്റർ പ്ലാൻ സമയബന്ധിതവും കുറ്റമറ്റ രീതിയിലും തയ്യാറാക്കുന്ന നടപടികൾ ഈ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള ദേശീയ/ അന്തർദേശീയ ഏജൻസികൾക്ക് പുറംകരാർ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രാരംഭമെന്ന നിലയിൽ ഈ പദ്ധതിക്ക് 6 കോടി രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

15. മുഖ്യനഗരാസൂത്രകന്റെയും വിജിലൻസിന്റെയും ഓഫീസിലെ മൂന്ന് വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-99 എന്ന ശീർഷകത്തിനുകീഴിൽ 21-2-മോട്ടാർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

16. 45-പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ 2217-05-001-99-45 എന്ന ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദി ക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

17. നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ കീഴിലുള്ള നാല് ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക കുടിശ്ശിക തീർക്കുന്നതിനായി 2217-05-001-65-06 എന്ന ശീർഷകത്തിൽ 9,70,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

18. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-65-21-1 വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

### ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | |
|---|---|
| 2515-00-101-63 | 01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 25,000 രൂപ |
| 2515-00-101-63 | 02-5—ദിവസ വേതനം 37,000 രൂപ |
| 2515-00-101-63 | 04-1—യാത്രാബത്ത 50,000 രൂപ |
| 2515-00-101-63 | 04-4—അവധിക്കാല യാത്രാ ആനുകൂല്യം 2,50,000 രൂപ |
| 2515-00-101-63 | 05-3—ടെലഫോൺ ചാർജ്ജസ് 24,000 രൂപ |
| 2515-00-101-63 | 05-4—മറ്റിനങ്ങൾ 41,000 രൂപ |
| 2515-00-101-63 | 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും 10,000 രൂപ |
| 2515-00-101-63 | 45—പി.ഒ.എൽ 36,000 രൂപ |
| 2515-00-101-63 | 99—വിവരസാങ്കേതികവിദ്യ 5,85,000 രൂപ |

കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം മാനവശേഷി വികസന കേന്ദ്ര (കില) ത്തിന്റെ ധനസഹായതുക ഒരു വർഷത്തേയ്ക്ക് പരമാവധി 25 ലക്ഷം ആയി പരിമിതപ്പെടുത്തിയതായി സമിതി നിരീക്ഷിച്ചു. ആയതിനാൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 2515-00-102-32 എന്ന ശീർഷകത്തിൽ 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

### ധനാഭ്യർത്ഥന നമ്പർ XXXVI —ഗ്രാമവികസനം

20. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് 2501-01-196-48 എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 4 കോടി രൂപയും കേന്ദ്ര വിഹിതമായി 6 കോടി രൂപയും അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

21. മൂവാറ്റുപുഴ ഗവ.ട്രാൻസ്പോർട്ട് ആന്റ് എക്യൂപ്മെന്റ് ഓർഗനൈസേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി തുക 41,54,000 രൂപയാണെന്നും അതിനാൽ 8,31,000 രൂപയുടെ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു. കെട്ടിടം പണി നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കണമെന്നതിനാൽ

ശേഷിക്കുന്ന 33,22,000 രൂപ 4515-00-103-98 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

22. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിക്കുന്ന വ്യക്തിഗത ഭവനങ്ങൾക്ക് സർക്കാർ വിഹിതം നൽകുന്നതിനും ലൈഫ് മിഷന്റെ ഭരണനിർവ്വഹണ ചെലവുകൾക്കുമായി 2215-102-34 ലൈഫ് പാർപ്പിട മിഷൻ (റൂറൽ) എന്ന ശീർഷകത്തിൽ 293 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

23. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-02-50-92 എന്ന ശീർഷകത്തിൽ 75 കോടി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

24. ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-03-48-99 എന്ന ശീർഷകത്തിൽ 3279 കോടി 52 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

25. അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-50-99 എന്ന ശീർഷകത്തിൽ 444 കോടി 29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

26. കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-50-98 എന്ന ശീർഷകത്തിൽ 88 കോടി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

27. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ക്ഷേമപെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-50-96 ശീർഷകത്തിൽ 8 കോടി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## സമിതിക്കുള്ള കുറിപ്പ്

**(ഫയൽ നമ്പർ 5292/സബ്.സി.ഡി1/18/നി.സെ.)**

28. 2017-ലെ The Kerala Street Vendors (Protection of Livelihood and Regulation of Street Vending) ചട്ടത്തിന്റെ കരട് വിജ്ഞാപനം സമിതി പരിഗണിക്കുകയും പ്രസ്തുത ചട്ടത്തിലെ വർഷം '2017' എന്നത് '2018' എന്നാക്കണം എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

## 15-2-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2018 ഫെബ്രുവരി മാസം 15-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
2. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി ജനറൽ എഡ്യൂക്കേഷൻ & ന്യൂനപക്ഷക്ഷേമം
4. ശ്രീ. ബി. അബ്ദുൾ നാസർ, സെക്രട്ടറി, സംസ്ഥാന ഹൗസിംഗ് ബോർഡ്
5. ഡോ. ആദീല അബ്ദുള്ള, എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
6. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീ. വി. ആർ. ദിലീപ്കുമാർ, അഡീഷണൽ സെക്രട്ടറി, (ന്യൂനപക്ഷക്ഷേമ) വകുപ്പ്
8. ശ്രീ. ജയൻ ആർ, ചീഫ് എഞ്ചിനീയർ, നിർമ്മിതി കേന്ദ്രം
9. ശ്രീ. ഹൈദ്രു, ചീഫ് എഞ്ചിനീയർ, (കെട്ടിട വിഭാഗം), പൊതുമരാമത്ത് വിഭാഗം
10. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. കെ. സുബ്രഹ്മണ്യ അയ്യർ, സെക്രട്ടറി, ഡി. പി. ഐ
12. ശ്രീ. ജയൻ എസ്., ഡെപ്യൂട്ടി ഡയറക്ടർ, സൈനിക ബോർഡ്.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന XXI (ഭവന നിർമ്മാണം), ധനാഭ്യർത്ഥന XXV- (ന്യൂനപക്ഷ ക്ഷേമം) എന്നിവ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതി താഴെപ്പറയുന്ന പ്രകാരം ശിപാർശ നൽകാൻ തീരുമാനിച്ചു:

## ധനാഭ്യർത്ഥന XXI—ഭവന നിർമ്മാണം

2216-80-103-99-(01)—സംസ്ഥാന ഹൗസിംഗ് ബോർഡ്-സഹായധനം

2. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജററ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1 കോടി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2216-80-103-99 (35)—<u>ലക്ഷം വീട് ബമ്പർ ലോട്ടറി- തനത് വരുമാനം</u>

3. കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി നിരീക്ഷിച്ചു ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 6 കോടി 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2216-80-103-99(37)—<u>ഗൃഹശ്രീ - സബ്സിഡി</u>

4. അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99 (38)—<u>ട്രെയിനിംഗ്</u>

5. ഓഫീസ് ആധുനികവൽക്കരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6. 2216-80-103-98—മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി എന്ന ശീർഷകം പരിഗണിച്ച സമിതി 11,89,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിക്ക് ലഭ്യമായ കുറിപ്പിൽ അധിക തുക വേണമെന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് അറിയിച്ചു ആയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ശീർഷകം റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് സമിതിയുടെ 20-3-2018 -ലെ യോഗം നിർദ്ദേശിച്ചിരുന്നു.

<u>ലൈഫ് മിഷൻ പദ്ധതി</u>

7. ലൈഫ് മിഷൻ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 12 കോടി 60 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ടെന്നും പ്രസ്തുത തുക ലഭ്യമാക്കുകയാണെങ്കിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നും അധിക തുക ആവശ്യമില്ലെന്നും ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

2216-80-001-99-01-2—ഹൗസിംഗ് കമ്മീഷണർ

വിഹിതം—50,43,000

8. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

01-2—ക്ഷാമബത്ത—10,00,000 രൂപ

01-3—വീട്ടുവാടക അലവൻസ്—50,000 രൂപ

02-1—വേതനം—50,000 രൂപ

9. സ്പെഷ്യൽ റൂളിന്റെ അഭാവത്തിലും ജീവനക്കാരുടെ അപര്യാപ്തതമൂലവും അത്യാവശ്യ ഘട്ടങ്ങളിൽ ചില തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി
ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-98-(02)—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

10. നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 14 കോടി 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-700-86—ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

11. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 59 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-99—ഭരണവും നടത്തിപ്പും 059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

12. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4 കോടി 34 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

13. ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി മേൽ ശീർഷകത്തിൽ 30,38,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-05-053-98-17—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

14. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2216-05-053-97(01)—സംരക്ഷണവും അറ്റകുറ്റപ്പണികളും

(02)—പ്രത്യേക അറ്റകുറ്റപ്പണികൾ

(03)—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

15. പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 3 കോടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

16. മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി യേതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ (01)-സാധാരണ അറ്റകുറ്റപ്പണികൾ, (02)- പ്രത്യേക അറ്റകുറ്റപ്പണികൾ, (03)-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം എന്നീ ഇനങ്ങളിൽ ആകെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

17. 2216-05-053-94-നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു

2216-05-001-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

18. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 64,70,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2216-05-052-96—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

19. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4,68,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2216-80-190-99 —ഭവനനിർമ്മാണം

20. പലിശ സബ്സിഡി നൽകുന്നതിനായി മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 52.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

21. ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ആഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

22. 2216-80-001-98—ഭവന നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനു വേണ്ട സ്റ്റാഫ്

2216-80-800-97-36—അംഗഭംഗം സംഭവിച്ച ഭടന്മാർക്ക് വീട് നിർമ്മാണ ധനസഹായം

2216-80-001-97-ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ, എന്നീ ശീർഷകങ്ങളിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു

4216-80-195-99(06)— കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

23. കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 44,39,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

4216-80-195-99(05)—പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം അംശദാനം.

24. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഓഹരി മൂലധനം അനുവദിച്ചുനൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

25. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് നിർമ്മിതി കേന്ദ്രം ഡയറക്ടർ അറിയിച്ചു

2225-02-283-89 —<u>ജനറൽ ഹൗസിംഗ്</u>

26. 2018-19 സാമ്പത്തിക വർഷം 10,000 പുതിയ വീടുകൾ, നിലവിലുള്ള 3.5 ലക്ഷം രൂപ നിരക്കിൽ അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ 350 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-102-91-31—<u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>

27. ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 48,88,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-102-91-36 —<u>ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം</u>

28. ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 83,65,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-02 —<u>വേതനം</u>

29. ഡയറക്ടറേറ്റിലെയും 17 കോച്ചിംഗ് സെന്ററുകളിലെയും 81 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി "2225-04-001-99-02-04" കൺസോളിഡേറ്റഡ് പേ എന്ന ശീർഷകത്തിൽ 2 കോടി 53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-06—<u>വാടക, കരം, നികുതി</u>

30. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. പരിശീലന കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-04-001-99-17 —ചെറുകിട മരാമത്ത് പണികൾ

31. ഡയറക്ടറേറ്റിന്റെയും, മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും, വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-18 —സംരക്ഷണം

32. ഡയറക്ടറേറ്റിന്റെയും മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-21-2 —സംരക്ഷണവും അറ്റകുറ്റപ്പണികളും

33. ഔദ്യോഗിക വാഹനം സർവ്വീസ് ചെയ്യു തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99

99 —വിവരസാങ്കേതിക വിദ്യ

34. വകുപ്പിന്റെ വിവരസാങ്കേതിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-102-92-34 —മറ്റ് ചെലവുകൾ

35. 16 സെന്ററുകളിലെയും 20 സബ്സെന്ററുകളിലെയും ചെലവുകൾ, ഉറുദു സ്കോളർഷിപ്പ്, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്നിവയ്ക്ക് ചെലവാകുന്ന തുക മേൽ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നതെന്നും കൂടാതെ പുതുതായി ഒരു സെന്ററും 2 സബ്സെന്ററും കൂടി അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ 28,80,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36. ലൈഫ് മിഷൻ സമർപ്പിച്ച റിപ്പോർട്ട് സമിതി പരിഗണിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ' എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതിക്ക് 2018-19-ലെ ബഡ്ജറ്റിൽ രണ്ടു ശീർഷകങ്ങളിലായി 205 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ആയത് 136

കോടിയായി റിവൈസ് ചെയ്തിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടുന്നു. ലൈഫ് മിഷന്റെ കണക്കനുസരിച്ച് ഭവനരഹിതരായ 5,15000 ഗുണഭോക്താക്കളുണ്ടെന്നും ആയത് നടപ്പ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കേണ്ടതുണ്ടെന്നും വിവിധ വകുപ്പുകൾക്ക് ഭവന പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ലൈഫ് മിഷന് തനതായ തുക നീക്കിവച്ചിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ 2018-19 സാമ്പത്തിക വർഷം രണ്ട് ശീർഷകത്തിലായി 293 കോടി രൂപയും റൂറലിനം ഇനത്തിലും, 207 കോടി രൂപ അർബനമായിട്ട് ആകെ 500 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അധികം ആവശ്യപ്പെട്ട 500 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 20-2-2018-ന് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.20-ന് പിരിഞ്ഞു.

## 20-2-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്റ്റ് കമ്മിറ്റിയുടെ ഒരു യോഗം 2018 ഫെബ്രുവരി 20-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. വി. അൻവർ
2. ശ്രീ. കെ. എസ്. ശബരീനാഥൻ
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി .

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

ശിപാർശ 27-ലെ മൂന്നാമത്തെ വരിയിൽ 'അന്താരാഷ്ട്ര' എന്ന വാക്കിനു പകരം ' ദേശീയ / അന്തർദ്ദേശീയ' എന്നീ വാക്കുകൾ ചേർക്കണം എന്ന് നിർദ്ദേശിച്ചു.

ധനാഭ്യർത്ഥന XXI- ഭവന നിർമ്മാണം എന്നതിൽ "2216-80-103-98-മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി" എന്ന ശീർഷകത്തിൽ അധിക തുക വേണമെന്ന് ബന്ധപ്പെട്ട വകുപ്പ് നൽകിയ, സമിതിക്കുള്ള കുറിപ്പിൽ രേഖപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം പദ്ധതിയ്ക്കായി 11,89,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു. എന്നാൽ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെടുക യുണ്ടായി. സമിതിക്കുള്ള കുറിപ്പിൽ അധിക തുക ആവശ്യമുണ്ടെന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ നിന്ന് മേൽ ശീർഷകവും സമിതിയുടെ ശിപാർശയും ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ലൈഫ് മിഷൻ പദ്ധതിക്ക് അധിക തുക ആവശ്യമില്ലെന്ന് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയ്ക്ക് ലഭ്യമാക്കിയ കുറിപ്പിൽ രേഖപ്പെടുത്തിയിരുന്നു. പിന്നീട് അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ഹൗസിംഗ് ബോർഡ് ഫിനാൻസ് ഓഫീസർ ഒപ്പിട്ട് ലഭ്യമാക്കിയ കത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സമിതിക്കുള്ള കുറിപ്പിലും മുൻ യോഗങ്ങളിലും ലൈഫ് മിഷൻ പദ്ധതിക്ക് അധിക തുക ആവശ്യപ്പെടാതിരിക്കുകയും സമിതിയുടെ പരിശോധനയ്ക്ക് ശേഷം അധിക തുക ആവശ്യപ്പെട്ടുകൊണ്ട്, വകുപ്പു സെക്രട്ടറി ഒപ്പിടാതെ, ഫിനാൻസ് മാനേജർ ഒപ്പിട്ട കത്ത് സമിതിക്ക് ലഭ്യമാക്കുകയും ചെയ്ത നടപടി നിരുത്തരവാദപരമാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത നടപടിയിൽ സമിതിയ്ക്കുള്ള അതൃപ്തി ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചുകൊണ്ട് കത്ത് തിരികെ അയയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 3.45 -ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.